بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

# ലാഹോർ പ്രഭാഷണം

ഓരോരുത്തർക്കും തങ്ങളുടെ മതത്തെയും വിശ്വാസാദർശങ്ങളെയും പ്രചരിപ്പിക്കുന്നതിന്നുള്ള സ്വാതന്ത്ര്യം നൽകുകയും അവരുടെ വഴിയിലുള്ള തടസ്സങ്ങളെ ന്യായത്തോടും നീതിയോടുംകൂടി അകററിത്തരികയും ചെയ്യുന്ന ഒരു ഭരണകൂടത്തിൻകീഴിൽ സമാധാനത്തോടുകൂടി ജീവിതം നയിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കിത്തന്ന അല്ലാഹുവിനെ ആദ്യമായി സ്തുതിക്കുകയും അതോടൊപ്പം ഭരണകൂടത്തിന്ന് നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

മാന്യശ്രോതാക്കളെ! നമ്മുടെ നാട്ടിൽ ഇന്നു കണ്ടുവരുന്ന മതങ്ങളെക്കുറിച്ചും അവരുടെ വിശ്വാസാദർശങ്ങളെക്കുറിച്ചും സംസ്കാരത്തിൻെറയും സദാചാരത്തിൻെറയും വൃത്തത്തിൽനിന്നുകൊണ്ട് അൽപം സംസാരിക്കാൻ ആഗ്രഹിക്കുന്നു. തങ്ങളുടെ വിശ്വാസാചാരങ്ങൾക്കെതിരായുള്ള ചില സത്യങ്ങൾ കേൾക്കുമ്പോൾ സ്വാഭാവികമായും ചിലർക്ക് നീരസം തോന്നിയേക്കാം. ഈ നീരസത്തെ അകററുവാൻ എനിക്ക് സാദ്ധ്യമല്ല.

(2)

അതുകൊണ്ട് എൻെറ സത്യപ്രകടനത്തിൽ ആർക്കെങ്കിലും നീരസം തോന്നുന്നുവെങ്കിൽ ആദ്യമായി ഞാൻ അവരോട് ക്ഷമാപണം ചെയ്തുകൊള്ളുന്നു.

മാന്യശ്രോതാക്കളെ! ഈ നാട്ടിൽ ധാരാളം മത വിഭാഗങ്ങളും അവാന്തര വിഭാഗങ്ങളും ഉണ്ട്. അതേ പ്രകാരംതന്നെ വിശ്വാസ വൈപരീത്യങ്ങളും വൈരുദ്ധ്യങ്ങളും വെള്ളപ്പൊക്കംപോലെ അലയടിച്ച് കൊണ്ടിരിക്കുകയാണ്. ഇതിന്നുള്ള പ്രധാന കാരണം, ഭൂരിപക്ഷ ജനങ്ങളുടെ ഹൃദയങ്ങളിലും ആത്മീയ ശക്തിയും ദൈവഭക്തിയും ഇല്ലാത്തതാണെന്നും സത്യത്തെയും അസത്യത്തെയും തിരിച്ചറിയുവാനുള്ള ആത്മീയപ്രകാശം പൊലിഞ്ഞുപോയതാണെന്നും വളരെയധികം ചിന്തിച്ചതിന്നുശേഷം തുടരെയുള്ള ദൈവീക വെളിപാട്മൂലം എനിക്കറിയാൻ സാധിച്ചിരിക്കുന്നു. ഇന്നു ലോകത്താകെ നാസ്തികത്വത്തിൻെറയും നിർമ്മതത്വത്തിൻെറയും നിറം പടർന്നുപിടിച്ചിരിക്കുകയാണ്. അതായത് നാവുകൊണ്ട് ദൈവമെന്നും പരമേശ്വരൻ എന്നും മററും ഉരുവിട്ടുകൊണ്ടിരിക്കുന്നുവെങ്കിലും ഹൃദയങ്ങളിൽ നാസ്തിക, നിർമ്മതചിന്തകളാണ് അലയടിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്നു ജനങ്ങളുടെ അന്തഃരംഗജീവിതവും ചര്യകളും ഉത്തമസാക്ഷ്യങ്ങളാണ്. നാവുകൊണ്ടു ഉച്ചരിക്കപ്പെടുന്നത് പ്രവർത്തനത്തിൽ നമുക്കു കാണാൻ സാധിക്കുന്നില്ല. യഥാർത്ഥത്തിലുള്ള സാത്വീകരായ നല്ലവരായ ആരാക്കാരെപ്പററി ഞാൻ ഒന്നും പറയുന്നില്ല. എന്നാൽ പൊതുവായ രീതിയിൽ നോക്കുകയാണെങ്കിൽ എന്തൊരുദ്ദേശത്തിന്നായാണോ മനുഷ്യന്നുവേണ്ടി മതത്തെ നിർബ്ബന്ധമാക്കിയിരിക്കുന്നത് ആ ഉദ്ദേശം

നമുക്ക കാൺമാൻ സാധിക്കുന്നില്ലെന്ന് മനസ്സിലാക്കാവു ന്നതാണ്. മതത്തിൻെറ ജീവനാഡിയായ യഥാർത്ഥ ത്തിലുള്ള പരിശുദ്ധതയും ദൈവസ്നേഹവും ദൈവസൃഷ്ടി കളോടുള്ള അനുകമ്പയും കാരുണ്യവും നീതിയും ന്യാ യവും വിനയവും പരിശുദ്ധമായ സ്വഭാവഗുണങ്ങളും ദൈവഭക്തിയും ഇന്ന ഭൂരിപക്ഷം ജനങ്ങളിലും കാണു വാൻ കഴിയുന്നില്ല. മറിച്ച് മതപരമായ വഴക്കുകളും സംഘട്ടനങ്ങളും ദൈനംദിനം വളർന്നുകൊണ്ടിരിക്കുന്നു.

ഇപ്രകാരം യഥാർത്ഥത്തിലുള്ള ധാർമ്മികതയും ദൈവഭക്തിയും കുറഞ്ഞുകൊണ്ടേയിരിക്കുന്നത് വളരെ യധികം വേദനാജനകമാണ്.

സർവ്വലോകസ്രഷ്ടാവും നിയന്താവും ആയ ദൈവ ത്തെ ശരിക്കും അറിഞ്ഞുകൊണ്ട് അവനുമായി സജീ വബന്ധത്തെ ഏർപ്പെടുത്തി പരിശുദ്ധവും പരിപാവ നവും ആയ ജീവിതം നയിച്ചുകൊണ്ട് അവൻെറ സൃഷ്ടികളോട് ആത്മാർത്ഥമായ അനുകമ്പയോടും സ്നേ ഹത്തോടും കൂടി പെരുമാറുക എന്നുള്ളതാണ് സർവ്വമത ങ്ങളുടെയും അടിസ്ഥാനതത്വം. എന്നാൽ ഈ ഉദ്ദേശം നിർമ്മൂലനാശം ചെയ്യപ്പെട്ടതായി ഞാൻ കാണുകയാ ണ്. ഭൂരിപക്ഷം ജനങ്ങളും നാസ്തികത്വത്തിൻെറ ഏ തെങ്കിലും ഒരു ശാഖയെ കരസ്ഥമാക്കി വെച്ചിരിക്കു കയാണ്. ദൈവജ്ഞാന (മഅ്രിഫത്ത്) ത്തിൻെറ അഭാവകാരണമായി ഭൂമിയിൽ നാശകരമായ പാപ കർമ്മങ്ങൾ പെരുകിക്കൊണ്ടിരിക്കുകയാണ്. ഒരു കാ ര്യത്തെക്കുറിച്ച് ശരിയായ ജ്ഞാനം ഇല്ലെങ്കിൽ അതി നെക്കുറിച്ചുള്ള മൂല്യവും മതിപ്പും അടുപ്പവും ഹൃദയത്തിൽ

(4)

ഉണ്ടാകുന്നില്ല. എല്ലാവിധത്തിലുള്ള സ്നേഹവും ഭയവും ജ്ഞാനത്തിൽനിന്നാണുദിക്കുന്നത്. ഇന്നു ലോകത്ത് പാപം പെരുകിവരുന്നതിന്റെ പ്രധാന കാരണം, ദൈവികജ്ഞാനം ഇല്ലാത്തതാണെന്നത് പ്രത്യക്ഷമായ ഒരു യാഥാർത്ഥ്യമാണ്. ഒരു യഥാർത്ഥ മതത്തെ തിരിച്ചറിയുവാനുള്ള അടയാളങ്ങളിൽ പ്രധാനമായുള്ളത് അതിലുള്ള ദൈവിക ജ്ഞാനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളായിരിക്കും. എന്നാൽ മാത്രമെ മനുഷ്യന് പാപകർമ്മങ്ങളിൽനിന്നും തന്നെ രക്ഷപ്പെടുത്തി ദൈവത്തിന്റെ യഥാർത്ഥ സത്തയെക്കണ്ടറിഞ്ഞു അവനുമായി പരിപൂർണ്ണ ബന്ധവും സ്നേഹവും പുലർത്തുവാൻ സാധിക്കുകയുള്ളു. അൽപനേരത്തേക്കെങ്കിലും ദൈവവുമായുള്ള ബന്ധം വേർപ്പെടുത്തുന്നത് അവന്ന് നരകതുല്യമായ അനുഭവമായിരിക്കും, പാപവിമുക്തനായി ദൈവവുമായുള്ള സ്നേഹബന്ധം പുലർത്തുക എന്നുള്ളത് മനുഷ്യന്റെ ഏററവും മഹത്തായ ജന്മോദ്ദേശമാണ്. യഥാർത്ഥത്തിലുള്ള ഈ മനഃസംതൃപ്തിയെയാണ് നാം സ്വർഗ്ഗീയ ജീവിതം എന്ന് വിവക്ഷിക്കുന്നത്. ദൈവപ്രീതിക്കെതിരായുള്ള എല്ലാ ഇച്ഛകളും നരകാഗ്നിക്കു തുല്യങ്ങളാണ്. പ്രസ്തുത ഇച്ഛകൾക്കു വഴങ്ങിക്കൊണ്ടുള്ള ജീവിതം നരകജീവിതമായിരിക്കും. ഇത്തരത്തിലുള്ള നരക ജീവിതത്തിൽനിന്നും എങ്ങിനെയാണ് മോക്ഷം ഉണ്ടാവുക എന്നുള്ളതാണിവിടെ പ്രശ്നം.

ഇതിന്നു ദൈവത്തിൽനിന്നും ലഭിച്ചിട്ടുള്ള അറിവനുസരിച്ച് എനിക്ക് പറയുവാനുള്ളത് ഈ നരകാഗ്നിയിൽ നിന്നുമുള്ള മോക്ഷം യഥാർത്ഥവും പരിപൂർണ്ണവും ആയ ദൈവികജ്ഞാനവുമായി ബന്ധപ്പെട്ടുകിടക്കുന്നു എന്നുള്ളതാണ്. കാരണം,

മാനസികമായ ഇച്ഛകളും വികാരങ്ങളും മനുഷ്യ ന്റെ സത്യവിശ്വാസത്തെ വേരോടെ നശിപ്പിക്കുന്ന ഒരു വെള്ളപ്പൊക്കമാണ്. പരിപൂർണ്ണമായ ദൈവി കജ്ഞാനത്താൽ മാത്രമെ ഈ വെള്ളപ്പൊക്കത്തെ ത ടുത്തുനിറുത്തുവാൻ സാധിക്കുകയുള്ളു. അത്കൊ ണ്ട് മോക്ഷപ്രാപ്തിക്കു പരിപൂർണ്ണമായ ദൈവി കജ്ഞാനം അത്യാവശ്യമാണ്. ലോഹത്തെ ലോഹം കൊണ്ടു മാത്രമെ ഛേദിക്കുവാൻ സാധിക്കുകയുള്ളു (ഉഷ്ണം ഉഷ്ണേന ശാന്തതേ) എന്നത് പ്രഖ്യാത മായ ഉദാഹരണമാണല്ലോ. ഒരു സാധനത്തെക്കുറി ച്ചുള്ള സ്നേഹമോ ഭീതിയോ അതിനെക്കുറിച്ചുള്ള ജ്ഞാനം മൂലമേ ലഭ്യമാകയുള്ളു.

ലക്ഷക്കണക്കിന്നു മൂല്യമുള്ള ഒരു രത്നം ഒരു കുട്ടിയുടെ കയ്യിൽ കിട്ടിയാൽ അവന്റെ അ തിനോടുള്ള സമീപനം ഒരു കളിപ്പാവയോടുള്ളത് മാത്രമായിരിക്കും. കാരണം ആ കുട്ടിക്കു അതിനെ നെക്കുറിച്ചുള്ള അറിവു അത്രമാത്രമെ ഉള്ളു. ഒരാ ഉക്കു അറിയാതെകണ്ട് തേനിൽ വിഷം കലർത്തി ക്കൊടുത്താൽ അയാൾ അതിനെ (ശുദ്ധ തേനെന്നു കരുതി) അഭിരുചിയോടെ ഭക്ഷിക്കുന്നതായിരിക്കും. കാരണം ഇതിൽ തന്റെ മരണം അടങ്ങിയിരിക്കുന്നു വെന്ന് അയാൾ അറിയുന്നില്ല. ആ തേനിന്റെ യാ ഥാർത്ഥ്യത്തെക്കുറിച്ച് അയാൾക്കു ശരിയായ അ റിവില്ല. എന്നാൽ നിങ്ങൾ അറിഞ്ഞുകൊണ്ട് ഒരു സർപ്പമുള്ള ദ്വാരത്തിൽ കയ്യിടുന്നില്ല. കാരണം അത് നിങ്ങളുടെ മരണത്തിന്നു കാരണമായിരിക്കും എന്നു നിങ്ങൾ അറിയുന്നു. അതേപ്രകാരംതന്നെ

ഭയങ്കരമായ വിഷത്തെ നിങ്ങൾ അറിഞ്ഞുകൊണ്ട് കഴിക്കുന്നില്ല. കാരണം, ഈ വിഷം കഴിക്കുകയാണെങ്കിൽ നിങ്ങൾ മരണപ്പെട്ടുപോകും എന്ന് നിങ്ങൾ മനസ്സിലാക്കുന്നു.

എന്നാൽ ദൈവകൽപനകളെ ലംഘിക്കുന്നതുമൂലമുണ്ടാകുന്ന മരണത്തെക്കുറിച്ച് നിങ്ങൾ എന്തുകൊണ്ട് അശ്രദ്ധരായിത്തീരുന്നു? അതിന്നുള്ള കാരണം, നിങ്ങൾക്ക് സർപ്പത്തെക്കുറിച്ചും വിഷത്തെക്കുറിച്ചും ഉള്ളത്ര അറിവും പരിജ്ഞാനവും ഈ കാര്യത്തിൽ ഇല്ല എന്നുള്ളത്തന്നെ. മനുഷ്യൻെറ ജീവന്നും മുതലിന്നും ഉണ്ടാകുന്ന നഷ്ടത്തിൽനിന്നും രക്ഷപ്പെടേണമെങ്കിൽ അതിന്നുള്ള ജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ്. ഇതിന്ന് മറെറാരു പാപപരിഹാര സിദ്ധാന്തത്തിൻെറയും ആവശ്യമില്ലതന്നെ.

കുററങ്ങളും പാപങ്ങളും ചെയ്തു പഴകിപ്പോയ പല ദുഷ്ടൻമാരും അക്രമികളും, തങ്ങൾ പിടിക്കപ്പെട്ടു കൊടുംശിക്ഷകൾക്കു പാത്രമാകുമോ എന്ന ഭീതിയുണ്ടായാൽ തങ്ങളുടെ ആയിരക്കണക്കായ ഇച്ഛകളെയും വികാരങ്ങളെയും അടക്കിക്കൊണ്ടിരിക്കുന്നത് വാസ്തവമല്ലേ? ആയിരക്കണക്കിന് രൂപയുള്ള പണപ്പെട്ടി തുറന്ന്കിടക്കുന്നത് കണ്ടാലും ഇവർ പ്രസ്തുത കടകളെ കൊള്ളയടിക്കുവാൻ തുനിയുന്നില്ല. കാരണം ആ വഴികളിൽ ആയുധധാരികളായ പോലീസുകാർ റോന്ത് ചുററുന്നതായി അവർ കാണുന്നു. പ്രസ്തുത കള്ളൻമാർ കളവ്, കൊള്ള, അക്രമം മുതലായ കൃത്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നത് ഏതെങ്കിലും പാപപരി

ഹാരസിദ്ധാന്തം കാരണമായോ കുരിശുവിശ്വാസം കാരണമായോ അല്ല. മറിച്ച് പോലീസ് വേഷധാരികളെയും അവരുടെ ആയുധങ്ങളെയും മുന്നിൽ കാണുന്നത്കൊണ്ട് മാത്രമാണ്. തങ്ങളുടെ അക്രമപ്രവർത്തനങ്ങളിൽ ജയിലിൽ പോകേണ്ടതായിവരും എന്ന വിശ്വാസവും അറിവും കാരണമായാണവർ കുററം ചെയ്യാതിരിക്കുന്നത്.

മനുഷ്യരെ മാത്രമല്ല, മൃഗങ്ങളെക്കൂടി ഈ കാര്യത്തിൽ ജാഗരൂകരായി നമുക്കു കാണാൻ സാധിക്കുന്നതാണ്. അക്രമിയായ ഒരു സിംഹം കത്തിജ്വലിക്കുന്ന അഗ്നിക്കപ്പുറം തൻെറ ഇരയുണ്ടെന്നറിഞ്ഞാൽ അത് ഒരിക്കലും ആ അഗ്നിയിൽ ചെന്നുചാടുന്നില്ല. അതേപ്രകാരംതന്നെ ഒരാട്ടിൻകുട്ടിയുടെ അടുക്കെ അതിൻെറ യജമാനൻ നിറത്തോക്കുമായോ ഊരിപ്പിടിച്ച വാളുമായോ നിന്നുകൊണ്ടിരിക്കുന്നത് കാണുന്ന ഒരു ചെന്നായ ആ ആട്ടിൻകുട്ടിയുടെമേൽ ചെന്നുചാടുന്നില്ല.

അതുകൊണ്ട് എൻെറ പ്രിയമുള്ളവരെ; പാപവിമോചനത്തിന്ന് ദൈവീകജ്ഞാനം വളരെ ആവശ്യമാണെന്നത് അനുഭവം നമുക്കു പഠിപ്പിച്ച ഒരു സത്യമാണ് ഒരു തരത്തിലുള്ള പാപപരിഹാര സിദ്ധാന്തത്താലും മനുഷ്യനെ പാപത്തിൽ നിന്നും രക്ഷപ്പെടുത്താൻ സാദ്ധ്യമല്ല.

ദൈവഭയവും ഭക്തിയും കൈവരുന്ന വിധത്തിലുള്ള ദൈവജ്ഞാനം നൂഹ്നബിയുടെ സമുദായത്തിന്ന് ലഭിച്ചിരുന്നുവെങ്കിൽ അവർ ഒരിക്കലും വെള്ളപ്പൊക്ക

ത്തിൽ മുങ്ങിപ്പോകുമായിരുന്നില്ല. ലൂത്ത് നബിയുടെ കാലത്തുണ്ടായിരുന്ന ജനങ്ങൾക്ക് പ്രസ്തുത ദൈവീകജ്ഞാനം ലഭ്യമായിരുന്നുവെങ്കിൽ അവരിൽ കല്ലിൻമഴ വർഷിക്കപ്പെടുമായിരുന്നില്ല. അതേപ്രകാരംതന്നെ ഈ നാട്ടിലുള്ള ജനങ്ങൾക്കും ദൈവത്തെക്കുറിച്ചുള്ള അറിവ് (ദൈവജ്ഞാനം—മഅ്രിഫത്ത്) ലഭിച്ചിരുന്നുവെങ്കിൽ അവർക്ക് ദൈവഭയം കൊണ്ട് പ്ലേഗിൽനിന്നും രക്ഷപ്പെടാൻ സാധിക്കുമായിരുന്നു. എന്നാൽ ബലഹീനമായ ജ്ഞാനം ഒരു ഫലവും നൽകുന്നതല്ല. തൻമൂലം ദൈവഭക്തിയും ദൈവസ്നേഹവും പൂർണ്ണമാകുന്നതല്ല. അപര്യാപ്തമായ ഈമാൻ നിഷ്പ്രയോജനമാണ്. അതേപ്രകാരംതന്നെ പരിപൂർണ്ണമായ ഭയവും സ്നേഹവും ഇല്ലെങ്കിലും ഒരു ഫലവും ഉണ്ടാകുന്നതല്ല. ആവശ്യമായത്ര ഭക്ഷണപാനീയങ്ങൾ ലഭിക്കുന്നില്ലെങ്കിൽ ഒരു ഫലവും ഉണ്ടാകുന്നതല്ലല്ലോ? ഒരു മണി അരികൊണ്ട് നിങ്ങളുടെ വിശപ്പും ഒരു തുള്ളി വെള്ളം കൊണ്ട് നിങ്ങളുടെ ദാഹവും ശമിക്കുമോ?

അതുകൊണ്ട് അല്ലയോ സത്യാന്വേഷണതൽപരരല്ലാത്തവരെ! അല്പമായ ജ്ഞാനവും അൽപമായ ദൈവസ്നേഹവും ദൈവഭക്തിയും വെച്ചുകൊണ്ട് ദൈവത്തിൽനിന്നും അനൽപമായ അളവററ അനുഗ്രഹം ലഭിക്കുമെന്നു ആശിച്ചതുകൊണ്ട് എന്താണ് ഫലം? നിങ്ങളെ പാപത്തിൽനിന്നും മോചിപ്പിക്കുന്നവനും, തൻെറ സ്നേഹാതിരേകത്താൽ നിറക്കുന്നവനും, സർവ്വശക്തനായ അല്ലാഹുമാത്രമാണ്. തൻെറ മഹത്വത്തെക്കുറിച്ചുള്ള ഭയം ഹൃദയത്തിൽ ഉണ്ടാ

ക്കുന്നതും ദൈവേച്ഛയനുസരിച്ചായിരിക്കും. ഇതു പരിപൂർണ്ണമായ ആത്മീയജ്ഞാനം മൂലം മാത്രമെ കരഗതമാവുകയുള്ളു. ഭയഭക്തി, ദൈവസ്നേഹം എന്നിവ പരിപൂർണ്ണമായ ജ്ഞാനത്തിലാണ് അധിഷ്ഠിതമായിട്ടുള്ളത്. ഇത്തരത്തിലുള്ള മഅ്രിഫത്ത് ലഭിച്ചവരുടെ ഹൃദയങ്ങളിൽ മാത്രമേ യഥാർത്ഥമായ ഭയഭക്തിയും സ്നേഹവും അങ്കുരിക്കുകയുള്ളു. ഭയഭക്തിയും ദൈവസ്നേഹവും ലഭിച്ചവർക്ക് മാത്രമെ അശ്രദ്ധയും അനാസ്ഥയും മൂലം ഉണ്ടാകുന്ന പാപങ്ങളിൽനിന്നും മോചനം ലഭിക്കുകയുള്ളു. ഇത്തരത്തിലുള്ള പാപമോചനത്തിന്നായി, നമുക്കു ആരുടെയും രക്തം ചിന്തേണ്ടതിൻെറയോ കുരിശുമരണത്തിൻെറയോ ഇതര ''പാപപരിഹാരസിദ്ധാന്ത''ത്തിൻെറയോ ആവശ്യമേ ഇല്ല. നമുക്കാവശ്യം നമ്മുടെ മാനസീകേച്ഛകളുടെ ത്യാഗം ആണ് നമ്മുടെ പ്രകൃതിയും ഇതാണാവശ്യപ്പെടുന്നത്. ഇത്തരത്തിലുള്ള മഹൽത്യാഗങ്ങളുടെ മറെറാരു പേരാണ് ഇസ്ലാം എന്നുള്ളത്.

ഇസ്ലാം എന്നാൽ സ്വയം അർപ്പിതമായിക്കൊണ്ട് പരിപൂർണ്ണതൃപ്തിയോടെ തൻെറആത്മാവിനെ ദൈവസമക്ഷം അർപ്പിക്കുകഎന്നുള്ളതാണ് ശരീഅത്തിൻെറ എല്ലാകൽപനകളുടെയും ജീവനാഡിയായിരിക്കുന്നതും ഇസ്ലാം എന്നപ്രിയപ്പെട്ടനാമമാണ്. പരിപൂർണ്ണതൃപ്തിയോടും സന്തോഷത്തോടും കൂടിദൈവത്തിൻെറ തിരുസന്നിധിയിൽ തന്നെഅർപ്പണം ചെയ്യുവാൻ പരിപൂർണ്ണമായ സ്നേഹവും ബന്ധവും ആവശ്യമാണ്. ഈ ദൈവസ്നേഹവും ബന്ധവും പരിപൂർണ്ണമാ

യ ആത്മീയജ്ഞാനം ഒന്നുകൊണ്ട് മാത്രമെ കരഗതമാവുകയുള്ളു.

ചുരുക്കത്തിൽ യഥാർത്ഥമായ ത്യാഗവും അർപ്പണമനോഭാവവും ദൈവത്തോടുള്ള സ്നേഹബന്ധത്താലും ആത്മീയജ്ഞാനത്താലും മാത്രമെ സാധിക്കയുള്ളൂ എന്ന് 'ഇസ്ലാം' എന്ന പദംതന്നെ സൂചിപ്പിക്കുന്നു.

ഇതിനെക്കുറിച്ചാണ് വിശുദ്ധഖുർആൻ ഇപ്രകാരം പറയുന്നത്.

لن ينال الله لحومها ولا دماءها ولكن يناله التقوى

നിങ്ങളുടെ (ബലിമൃഗങ്ങളുടെ) മാംസമോ രക്തമോ അല്ലാഹുവെ സമീപിക്കുന്നില്ല. മറിച്ചു നിങ്ങളുടെ ഭയഭക്തിയും തഖ്‌വയും മാത്രമെ അവന്നു വന്നു ചേരുകയുള്ളു. (22 : 38)

ഇസ്ലാമിന്റെ എല്ലാകൽപനകളുടെയും സാരാംശം 'ഇസ്ലാം' എന്ന പദത്തിൽ അടങ്ങിയിരിക്കുന്നുവെന്ന് മനസ്സിലാക്കണം. ഈ ഉദ്ദേശസാഫല്യത്തിനുള്ള അദ്ധ്യാപനങ്ങളാണ് വിശുദ്ധഖുർആനിൽ അടങ്ങിയിരിക്കുന്നത്. ദൈവസ്നേഹം പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങൾ ആ മഹൽ ഗ്രന്ഥം വിവരിച്ചുതരുന്നു. ഒരാളെക്കുറിച്ചുള്ള സ്നേഹം ആ ആളുടെ സൌന്ദര്യം ( حسن ) കണ്ടോ അയാൾ ചെയ്യുന്ന ഉപകാരം ( احسان ) കണ്ടോ മനസ്സിൽ ഉദിക്കുന്നു. അതുപ്രകാരംതന്നെ ദൈവത്തിന്റെ ഹുസ്നിനെയും ഇഹ്സാനേയുംകുറിച്ച് ബോധവാനാകുന്ന ഒരാളിൽ ദൈവത്തെ

കുറിച്ചുള്ള സ്നേഹം അങ്കുരിക്കുന്നു. ദൈവം തന്റെ മഹൽഗുണങ്ങളെയപേക്ഷിച്ച് ഏകനും ഒരുവിധത്തിലുള്ള പങ്കാളിയും ഇല്ലാത്തവനുമാണ്. അവൻ ഒരുവിധത്തിലുള്ള പോരായ്മയും ഇല്ലാത്തവനും എല്ലാസൽഗുണങ്ങളുടെയും മൂർത്തീകരണവും പരിശുദ്ധമായ സർവ്വശക്തികളുടെ ആവിർഭാവവും എല്ലാസൃഷ്ടികളുടെയും ആരംഭവും ( ... ) എല്ലാവിധഅനുഗ്രഹങ്ങളുടെ ഉറവിടവും എല്ലാ രക്ഷാശിക്ഷകളുടെ യജമാനനും ആകുന്നു. അവൻ ദൂരസ്ഥനാണ്. അതേഅവസരം സമീപസ്ഥനുമാണ്. അതേപ്രകാരം സമീപസ്ഥനായിരുന്നും ദൂരസ്ഥനാണ്. അവൻ എല്ലാവരെക്കാളും മേലെയുള്ളവനാണ്. എന്നാൽ അവനുകീഴിൽ ആരെങ്കിലും ഉള്ളതായി പറയുവാൻ സാദ്ധ്യമല്ല. അവൻ അഗോചരനാണ്. പക്ഷെ അവനെക്കാൾ പ്രത്യക്ഷനായിട്ട മററാരെങ്കിലും ഉള്ളതായി പറയുവാൻ വയ്യ. അവൻ സ്വയം ജീവിച്ചിരിക്കുന്നവനും മററെല്ലാസൃഷ്ടികളും അവൻ കാരണമായി ജീവിതംനയിക്കുന്നവരും ആണ്. അവൻ സ്വയം നിൽക്കുന്നവനാണ്, മററെല്ലാ സൃഷ്ടികളും അവൻമൂലം നിലനിൽക്കുന്നു. അവന്റെ സഹായമില്ലാതെ ഒന്നിനും ജീവൻ നിലനിർത്തുവാൻ സാധിക്കുന്നതല്ല. ആകാശഭൂമികളിൽ നിറഞ്ഞിരിക്കുന്നത് അവന്റെ ആത്മീയപ്രകാശവും പ്രഭാവവും ആണ്. അവൻമൂലമാണ് ഓരോന്നും പ്രകാശിതമായിരിക്കുന്നത്. അവൻ സർവ്വചരാചരങ്ങളുടെയും പരിപാലകനാണ്. അവന്റെ സംരക്ഷണത്തിൻകീഴിൽ ഇല്ലാത്തസ്വയംഭൂവായ ഒരാത്മാവും ഇല്ലതന്നെ. ഓരോ ആത്മാവിനും ലഭ്യമായിരിക്കുന്ന ശക്തിയും അവനിൽനിന്നു മാത്രമുള്ളതാണ്.

അവൻെറ അനുഗ്രഹങ്ങൾ രണ്ടുതരത്തിലുള്ളവയാണ്.

1. ആരുടെയും കർമ്മഫലമായല്ലാതെ ആദിമുതലേ സ്വയം ആവിർഭവിച്ചവ. അതായത് ഭൂമി ആകാശം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ജലം, അഗ്നി വായു മുതലായവ. മനുഷ്യൻെറ ഉൽപത്തിക്കുമുമ്പേ തന്നെ അവൻെറ ജീവസന്ധാരണത്തിന്നായി ഇവയൊക്കെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇതേപ്രകാരംതന്നെ നമുക്കാവശ്യമായ പലതും നമ്മുടെ ജനനത്തിന്നു മുമ്പുതന്നെ ദൈവം സജ്ജീകരിച്ചുതന്നിരിക്കയാണ്. ഇവയൊക്കെ നമ്മുടെ അമാറ'ത്തിൽ നമുക്കായി, നമ്മുടെ കർമ്മഫലമായല്ലാതെ സൃഷ്ടിക്കപ്പെട്ടവയാണ്. സൂര്യൻ തൻെറ പ്രവർത്തനഫലമായി ഉണ്ടായതാണെന്നും അല്ലെങ്കിൽ ചന്ദ്രൻ തൻെറ സൽക്കർമ്മത്തിൻെറഫലമാണെന്നും ആർക്കാണ് പറയുവാൻ സാധിക്കുക? ചുരുക്കത്തിൽ നമ്മുടെ ജനനത്തിന്നു മുമ്പുതന്നെ നമ്മുടെ സൽക്കർമ്മങ്ങളുടെ ഫലമായിട്ടല്ലാതെ സൃഷ്ടിക്കപ്പെട്ടവയാണീകാണുന്നതൊക്കെ.

2. രണ്ടാമത്തെതരത്തിലുള്ള അനുഗ്രഹം നമ്മുടെ കർമ്മങ്ങളുടെ ഫലമായുണ്ടാകുന്നവയാണ്. ഇതിൻെറ വിശദീകരണം ഇവിടെ ആവശ്യമില്ല.

ദൈവത്തിൻെറ സത്ത എല്ലാവിധ പോരായ്മകളിൽ നിന്നും പരിശുദ്ധമാണ്. മനുഷ്യനും തൻെറ അദ്ധ്യാപനങ്ങളനുസരിച്ച് പരിശുദ്ധജീവിതം നയിക്കേണമെന്ന് അവൻ ആഗ്രഹിക്കുന്നു. അവൻ പറയുന്നതാവിത്

من كان فى هذه اعمى فهو فى الآخرة اعمى

അതായത്തു് ഈലോകത്ത് ആത്മീയരീതിയിൽ അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധനായിരിക്കുന്നതാണ് അന്ധകാരം അവനെ വിട്ടുമാറുന്നതല്ല. കാരണം ദൈവദർശനത്തിന്നുള്ള ആത്മീയാനുഭൂതി ഒരു മനുഷ്യന്നു ഈലോകത്തു തന്നെ ലഭ്യമാകുന്നു. ഇവിടെ നിന്നും പ്രസ്തുത ആത്മീയാനുഭൂതി കൊണ്ടുപോകാത്തവർക്ക് പരലോകത്തും ദൈവദർശനം ലഭ്യമാകുന്നില്ല. പ്രസ്തുത തിരുവചനത്തിൽനിന്നും ദൈവം മനുഷ്യന്റെ ആത്മീയമായ ഉൽകർഷത്തെ എത്രമാത്രം കാംക്ഷിക്കുന്നവനാണെന്നും വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളെ പിൻപററുന്നവർക്ക് എത്രത്തോളം ഉയരുവാൻ സാധിക്കുമെന്നും മനസ്സിലാക്കാവുന്നതാണ്. അതോടൊപ്പം ഈലോകത്ത് വെച്ചുതന്നെ ദൈവദർശനം ലഭിക്കുന്നതിന്നുള്ള അദ്ധ്യാപനങ്ങളും അല്ലാഹു മനുഷ്യന്ന് നല്കുന്നു.

തത്സംബന്ധമായി വിശുദ്ധഖുർആൻ ഇപ്രകാരം അരുളംചെയ്യുന്നു

من كان يرجوا لقاء ربه فليعمل عملا صالحا ولا

يشرك بعبادة ربه احدا (18: 111)

ഈലോകത്ത് വെച്ചുതന്നെ തന്റെ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ ദർശിക്കുവാൻ ആഗ്രഹിക്കുന്നവർ സൽകർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതാണ്. പ്രസ്തുത സൽകർമ്മങ്ങൾ മററുള്ളവരെ കാണിക്കുവാൻ വേണ്ടി ഉള്ളവയായിരിക്കരുതു് താൻ ചെയ്യുന്ന സൽകർമ്മങ്ങളെക്കുറിച്ച അഹംഭാവവും അഹങ്കാരവും കാട്ടുകയും അരുത്, മററി

ച്ച് ദൈവപ്രീതി കരഗതമാക്കാനുള്ള സദുദ്ദേശത്തോടുകൂടിയായിരിക്കണം സൽകർമ്മങ്ങൾ ചെയ്യുന്നത്". അതുമാത്രമല്ല എല്ലാവിധത്തിലുമുള്ള ശിർക്കിൽനിന്നും രക്ഷപ്പെടേണ്ടതുമാണ്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വായു, അഗ്നി, ജലം തുടങ്ങി ഭൗതികമായ ഒന്നിനെയും ആരാധ്യവസ്തുവായി ഗണിക്കാൻപാടില്ല. ദൈവത്തിന്ന് പങ്കാളിയെന്ന് തോന്നിക്കുന്നരീതിയിൽ ഭൂമിയിലുള്ള ഒന്നിനെ പ്രാധാന്യംകൊടുത്തു ബഹുമാനിക്കുന്നതും അതിനാൽ തവക്കൽചെയ്യുന്നതും, അപ്രകാരം തന്നെ തന്റെ അറിവിലും പ്രാപ്തിയിലും മാത്രം ഊററംകൊള്ളുന്നതും ശിർക്കിന്റെ ഗണത്തിൽ പെടുന്നതാണ്. എല്ലാസൽകർമ്മങ്ങളും ചെയ്തതിന്നു ശേഷവും താൻ ഒന്നും തന്നെ ചെയ്തില്ല എന്നു കരുതേണ്ടതാണ്. തന്റെ അറിവിനെക്കുറിച്ചു അഹങ്കാരമോ കർമ്മങ്ങളെ കുറിച്ചു പെരുമയോ കാണിക്കാൻ പാടില്ല. മറിച്ചു താൻ ഒന്നുംതന്നെ അറിയാത്തവനാണെന്നു കരുതിക്കൊണ്ട് സദാസമയവും ആത്മാവ് പ്രണമിച്ചുകൊണ്ടിരിക്കേണ്ടതും ദൈവാനുഗ്രഹത്തെ തേടിക്കൊണ്ട് ദുആചെയ്തുകൊണ്ടിരിക്കേണ്ടതുമാണ്.

മരുഭൂമിയിൽ ദാഹത്താൽ വലഞ്ഞുകൊണ്ടിരിക്കുന്ന ഒരാളുടെ മുമ്പാകെ പരിശുദ്ധവും സ്ഫടിക സമാനവും ആയ ഒരു നീരുറവ പ്രത്യക്ഷപ്പെടുകയും അങ്ങിനെ തന്റെ വരണ്ട ചുണ്ടുകളിൽ ആ നീരുറവിൽ നിന്നും ജലപാനംചെയ്യുകയും പൂർണ്ണമായ ദാഹശമനം വരുന്നതുവരെ അവിടെനിന്നു വിട്ടു മാറാതിരിക്കുകയും ചെയ്യുന്ന ആളെപ്പോലെ ആയിത്തീരാത്തത്‌വരെ നമുക്ക് ദൈവനനപക്ക്ത്താൽ ഉണ്ടാകുന്ന മനഃതൃപ്തി കരഗതമാകുന്നതല്ല.

വിശുദ്ധ ഖുർആൻ ദൈവത്തിന്റെ അതിമഹത്തായ ഗുണങ്ങളെക്കുറിച്ച് ഇപ്രകാരം അരുളം ചെയ്യുന്നു.

قل هو الله احد الله الصمد لم يلد ولم يولد ولم يكن له
كفوا احد

**നീ പറയുക. അല്ലാഹു ഏകനാണ് നിരാശ്രയനാണ്. അവൻ ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ല. അവന്നു സമനായി മറ്റാരും തന്നെ ഇല്ല. 112:2-5)**

അതായത് ദൈവം തന്റെ സത്തയിലും ഗുണങ്ങളിലും ഏകനാണ് അവനെപ്പോലെ അനാദ്യന്തനായി ആരും തന്നെ ഇല്ല. അവന്നു സമമായ ഗുണഗണങ്ങളോട് കൂടിയവനും ആരും തന്നെ ഇല്ല.

മനുഷ്യന്നു ജ്ഞാനസമ്പാദനത്തിന്നു ഒരു ഗുരുനാഥന്റെ ആവശ്യമുണ്ട്. എന്നാലും ആ ജ്ഞാനം ഒരു പരിധികളിൽ അടങ്ങിയതായിരിക്കും. എന്നാൽ ദൈവത്തിന്നു ഒരു ഗുരുനാഥന്റെയും ആവശ്യമില്ല. അവന്റെ ജ്ഞാനം സീമാതീതമാണ് മനുഷ്യന്റെ ശ്രവണശക്തിക്കു വായുവിന്റെ ആവശ്യമുണ്ട്. എന്നാൽ ദൈവത്തിന്റെ ശ്രവണശക്തിക്കു മറ്റൊന്നിന്റെയും ആവശ്യമില്ല. മനുഷ്യന്റെ ദൃശ്യശക്തിക്ക് സൂര്യന്റെയോ ഇതര പ്രകാശത്തിന്റെ ആവശ്യമുണ്ട. അതു പരിധിയിലുൾപ്പെട്ടതുമാണ് എന്നാൽ ദൈവത്തിന്റെ ദൃശ്യശക്തിക്കു പ്രകാശത്തിന്റെ ആവശ്യമില്ല. ആ ശക്തി അപാരവും ആണ്. അതേ പ്രകാരം മനുഷ്യന്നു എന്തെങ്കിലും നിർമ്മിക്കുവാൻ ധാതുവിന്റെ (material) ആവശ്യമുണ്ട്.

അതിന്നു സമയവും സാഹചര്യവും ഇതര സൌകര്യങ്ങളും ആവശ്യമാണ്. എന്നാൽ ദൈവത്തിൻെറ നിർമ്മാണ ശക്തിക്ക്. ഏതെങ്കിലും ധാതുവിൻെറയോ സമയത്തിൻെറയോ ഇതര സാഹചര്യ സൌകര്യങ്ങളുടെയോ ആവശ്യമില്ല. കാരണം അവൻെറ എല്ലാഗുണങ്ങളും നിരുപമമാണ്. അവനെപ്പോലെമററൊരുവൻ ഇല്ലാത്തതുപോലെതന്നെ അവൻെറഗുണങ്ങൾക്കുതുല്യതയുള്ള ഗുണങ്ങൾ മററവിടെയും മററാരിലും കാൺമാൻസാധിക്കുകയില്ല. അവൻെറ ഏതെങ്കിലും ഒരു സിഫത്തിൽ ന്യൂനതയുണ്ടെന്ന് നിരൂപിക്കപ്പെട്ടാൽ അത് അവൻെറ ഇതരഗുണങ്ങളെയും മാത്രമല്ല അത് അവൻെറ ഏകത്വത്തെയും ബാധിക്കുന്നതാണ്.

പ്രസ്തുത വിശുദ്ധഖുർആനിലെ അദ്ധ്യായത്തിൽ അല്ലാഹു തുടർന്നുപറയുകയാണ് ദൈവം ആരുടെയുംമകനല്ല. ആരും അവന്ന്മകനായിട്ട് ഇല്ലതാനും കാരണം അവന്ന് ആരുടെയും ആശ്രയം ആവശ്യമില്ല. അവന്ന് ഒരു പിതാവിൻെറയോ പുത്രൻെറയോ ആവശ്യമില്ല.

ഇത്തരത്തിലുള്ള ഒരു തൌഹീദിൻെറ—ഏകത്വത്തിൻെറ—പാഠമാണ് വിശുദ്ധ ഖുർആൻ നമുക്കു തരുന്നതു. സത്യവിശ്വാസത്തിൻെറ—ഈമാൻെറ അടിസ്ഥാനവും ഇതുതന്നെയാണ്.

ഇനി കർമ്മങ്ങളെക്കുറിച്ച് വിശുദ്ധഖുർആൻ എന്താണ് അരുൾ ചെയ്യുന്നതെന്നു നോക്കുക

ان الله يأمر بالعدل والاحسان وايتاء ذى القربى

وينهى عن الفحشاء والمنكر والبغى

[നീതിയെയും നന്മചെയ്യുന്നതിനെയും ബന്ധുക്കൾക്ക സഹായം നൽകുന്നതിനെയും അല്ലാഹു കൽപ്പിക്കുകയും നീചപ്രവൃത്തികളെയും നിഷിദ്ധകർമ്മങ്ങളെയും നിയമലംഘനത്തെയും അവൻ വിരോധിക്കുകയും ചെയ്യുന്നു 16:91]

നിങ്ങൾ ന്യായവും നീതിയും കൈക്കൊള്ളണമെന്ന് അല്ലാഹു കൽപ്പിക്കുന്നു. ഇതിനെക്കാൾ പൂർണ്ണത ആവശ്യമുമുണ്ടെങ്കിൽ ഇഹ്സാൻ (പരോപകാരം) ചെയ്യുക. അതായത് നിങ്ങൾക്ക ഒരു നന്മയും ചെയ്യാത്തവർക്ക കൂടി നന്മയും ഉപകാരവും ചെയ്യുക. ഇതിനെക്കാൾ പൂർണ്ണതവേണമെന്നുണ്ടെങ്കിൽ ഒരു വിധത്തിലുമുള്ള നന്ദിയും പ്രത്യുപകാരവും പ്രതീക്ഷിക്കാതെ ഒരു മാതാവ് തന്റെ മക്കൾക്ക് നന്മചെയ്യുന്നതു് പോലെ സ്വയേഷ്ടപ്രകാരം ഇതരക്ക് നന്മയും ഉപകാവും ചെയ്യുക. അതോടൊപ്പം നിങ്ങൾ ചീത്ത പ്രവൃത്തികൾ ചെയ്യുന്നതിനെയും നന്മചെയ്തതിന്നശേഷം അതിന്നുപ്രതിഫലം കാംക്ഷിക്കുന്നതിനെയും കൃതജ്ഞത കാണിക്കുന്നതിനെയും ദൈവം വിരോധിക്കുന്നു.

പ്രസ്തുത ആയത്തിന്റെവിശദീകരണമെന്നോണം അല്ലാഹു ഇപ്രകാരം പറയുന്നു.

ويطعمون الطعام على حبه مسكينا ويتيما و اسيرا

انما نطعمكم لوجه الله لا نريد منكم جزاء ولا شكورا

ദൈവത്തിന്റെ പ്രീതിലഭിക്കേണ്ടുന്ന ഒരേ ഒരുദ്ദേശത്തോടുകൂടി അവർ സാധുക്കൾക്കും അനാഥർക്കും ത

ടവുകാർക്കും ഭക്ഷണം നൽകുന്ന അപ്പോൾ അവർ
തങ്ങൾ ദൈവസ്നേഹം ലഭിക്കുന്നതിനുവേണ്ടി മാ
ത്രമാണ് സേവനം ചെയ്യുന്നതെന്നും ഇതിന്ന് ഒരുവിധ
ത്തിലുള്ള പ്രതിഫലമോ നന്ദിപ്രകടനമോ തങ്ങൾ
പ്രതീക്ഷിക്കുന്നില്ലെന്നും പറയുന്നു. (76:9,10)

രക്ഷാശിക്ഷാ നടപടികളെക്കുറിച്ച് അല്ലാഹു പ
റയുന്നതാണിത്:

جزاء سيئة سيئة بمثلها فمن عفى و اصلح فاجره على الله

[ഒരു തിന്മക്ക് പകരം അതിന്നുസമമായ തിന്മയാണ്.
എന്നാൽ മാപ്പ് കൊടുക്കുകയും സുൽഹ് (രജ്ഞിപ്പ്)
ഉണ്ടാക്കുന്ന ആരുകളെ അതിന്റെ ശരിയായ പ്രതിഫലം
അല്ലാഹുവിങ്കലുണ്ട്. 42 : 41]

അതായത് ഒരു തിന്മ ചെയ്യപ്പെട്ടാൽ അതിന്നനു
സരിച്ച ശിക്ഷ മാത്രമെ പാടുള്ളു. പല്ലിന്നു പകരമായി
പല്ലും കണ്ണിന്നു പകരമായി കണ്ണും ചീത്തക്കു പകരമായി
ചീത്തയും അതേപടി പ്രതികാരം ചെയ്യാം. എന്നാൽ
മാപ്പുകൊടുക്കുന്നതാണ് ഉത്തമമായിരിക്കുന്നത്. മാ
പ്പുകൊടുക്കുന്നതിനാൽ മറ്റെയാളിൽ ഒരു പരിവർത്ത
നം ഉണ്ടാകണം. അതായത് മാപ്പുകൊടുക്കപ്പെടുന്ന
ആളിൽ തീയ്യപ്രവൃത്തിയിൽനിന്നും വിരമിക്കുന്ന രീ
തിയിൽ ഒരു മാററവും പരിവർത്തനവും ഉണ്ടായിരിക്കണം.
അങ്ങിനെയാണെങ്കിൽ പ്രതികാരനടപടികൾ എടുക്കു
ന്നതിനേക്കാൾ മാപ്പുകൊടുക്കുന്നതാണുത്തമം. അങ്ങി
നെ മാപ്പുകൊടുക്കുന്നവർക്ക് അതിന്നുള്ള പ്രതിഫലം
ലഭിക്കുന്നതായിരിക്കും. എപ്പോഴും എല്ലാ സാഹചര്യ

ങ്ങളില്ല. ഒരു കവിളത്തു അടികിട്ടിയാൽ ഉടനെ മററേ തും കാണിച്ചുകൊടുക്കുന്നത് യുക്തിരഹിതമായ ഒന്നായിരിക്കും. ചിലപ്പോൾ ദുഷ്ടന്മാരോട് നന്മകാണിക്കുന്നത് വിപരീതമായ ഫലമാണുണ്ടാക്കുക.

വീണ്ടും അല്ലാഹു പറയുന്നു:

ادفع بالتی هی احسن فاذاالذی بینك و بینه
عداوة كانه ولی حمیم

നന്മയാല്‍ തിന്മയെ തടുത്തുനിറുത്തുക. അപ്പോൾ നിനക്കും വിരോധമുള്ള ആൾക്കും ഇടയിൽ ഉററചങ്ങാതിയെപ്പോലുള്ള ബന്ധം ഉണ്ടാകുന്നതായിരിക്കും. (41 : 35)

അതായത് നൻമ കാണിക്കുന്ന ഒരുവനോട് അതിലധികം നൻമയും ഉപകാരവും ചെയ്യുന്നത്കൊണ്ട് പരസ്പരം ശത്രുതയുള്ളവർകൂടി ആത്മസ്നേഹിതൻമാരായി മാറുന്നതായിരിക്കും.

അല്ലാഹു പല സ്ഥലങ്ങളിലായി വിശുദ്ധ ഖുർആനിൽ ഇപ്രകാരം അരുളുചെയ്യുന്നു.

لا یسخر قوم من قوم عسی ان یکونوا خیرا منهم

ഒരു കൂട്ടർ മറെറാരുകൂട്ടരെ അപഹസിക്കാതിരിക്കട്ടെ. ഒരുപക്ഷെ ഇവർ മററവരേക്കാൾ മെച്ചപ്പെട്ടവരാണെന്നു വരാം. (49 : 12)

ولا یغتب بعضکم بعضا ایحب احدکم ان یاکل لحم اخیه میتا

നിങ്ങളിൽ ചിലർ മററു ചിലരെക്കുറിച്ച് പരദൂഷണം പറയരുത്, അങ്ങിനെ ചെയ്യുന്നത് മരിച്ചുകിടക്കുന്ന സ്വസഹോദരൻെറ മാംസം തിന്നുന്നതിന്ന സമമായിരിക്കും. നിങ്ങളിൽ ആരെങ്കിലും അതിഷ്ടപ്പെടുമോ? . (49 : 13))

ولاتنابزوا بالالقاب بئس الاسم الفسوق بعد الايمان

നിങ്ങളന്യോന്യം പരിഹാസപ്പേരിട്ട് വിളിക്കരുത്. സത്യവിശ്വാസം സ്വീകരിച്ചതിന്നുശേഷം ഇത്തരം ചീത്തപ്പേര് വിളിക്കുന്നത് വളരെ മോശമാണ്.(49:11)

ان اكرمكم عند الله اتقيكم

നിങ്ങളിലേററവും ബഹുമാന്യൻ നിങ്ങളിലേററവും ദൈവഭക്തിയുള്ള ആളാണ്. (49 : 14)

فاجتنبوا الرجس من الاوثان واجتنبوا قول الزور

ബിംബങ്ങളെ വർജ്ജിക്കുവിൻ. അതേപ്രകാരം അസത്യത്തെയും ഉപേക്ഷിക്കുവിൻ. (22 : 31)

وقولوا قولا سديدا

എപ്പോഴും നേരുമാത്രം പറയുക.

واعتصموا بحبل الله جميعا

നിങ്ങൾ ദൈവീക്പാശത്തെ ഒന്നായിച്ചേർന്നുകൊണ്ടു പിടിക്കുക. (3 : 104)

പ്രസ്തുത ആയത്തുകളിൽ അല്ലാഹു നമ്മോടുപദേശിക്കുകയാണ്.

നിങ്ങൾ അന്യോന്യം പരദൂഷണം ചെയ്യരുത് നിങ്ങളുടെ സഹോദരൻെറ മൃതദേഹത്തിൽനിന്നും ഇറച്ചി പിച്ചിച്ചീന്തിത്തിന്നുവാൻ നിങ്ങൾ ഇഷ്ടപ്പെടുമോ. ഒരു സമുദായം മറെറാരു സമുദായത്തെ തങ്ങൾ ഉയർന്നവരെന്നും മററുള്ളവർ താഴ്ന്നവരെന്നും പറഞ്ഞു ഒരിക്കലും അവഹേളിക്കരുത്. ഒരുപക്ഷെ നിന്ദിക്കപ്പെട്ടവർ നിന്ദിക്കുന്നവരേക്കാൾ ഉൽകൃഷ്ടരാവാൻ മതിയല്ലോ. ദൈവദൃഷ്ടിയാൽ നിങ്ങളിൽ ഉയർന്നവരും ഉൽകൃഷ്ടരും നിങ്ങളിൽ ഏററവും അധികം ദൈവഭക്തിയുള്ളവരായിരിക്കും. സാമുദായിസ്പർദ്ധ ഒരിക്കലും നല്ലഫലം തരികയില്ല. അനിഷ്ടമായതും വെറുപ്പും വിദ്വേഷവും ഉണ്ടാക്കുന്നതുമായ നാമങ്ങളിൽ നിങ്ങൾ അവരെ അഭിസംബോധന ചെയ്യരുത്. അങ്ങിനെയാണെങ്കിൽ ദൈവസന്നിധിയിൽ നിങ്ങൾക്ക് ദുഷ്പേരുണ്ടായിത്തീരുന്നതായിരിക്കും. ബിംബങ്ങളിൽ നിന്നും കള്ളത്തരങ്ങളിൽനിന്നും ശുദ്ധരായിത്തീരുക. സംസാരിക്കുമ്പോൾ നേരായും ബുദ്ധിപൂർവ്വമായും സംസാരിക്കുക. അനാവശ്യസംസാരങ്ങളിൽനിന്നും രക്ഷപ്പെടുക. നിങ്ങളുടെ എല്ലാ അവയവങ്ങളും എല്ലാ കഴിവുകളും ദൈവത്തിന്നധീനമായവയായിരിക്കണം. നിങ്ങളെല്ലാരും ഒന്നായി നിന്നുകൊണ്ട് ദൈവത്തിന്ന് കീഴ്പെട്ടു നടക്കുക.

മറെറാരു അദ്ധ്യായത്തിൽ അല്ലാഹു ഇപ്രകാരം അരുൾചെയ്യുന്നു.

الهكم التكاثر حتى زرتم المقابر كلا سوف تعلمون ثم كلا سوف
تعلمون كلا لو تعلمون علم اليقين لترون الجحيم ثم لترونها
عين اليقين ثم لتسألن يومئذ عن النعيم

(ദൈവത്തെക്കുറിച്ച് അശ്രദ്ധരായിരിക്കുന്ന ജനങ്ങളെ!) ഭൗതിക സമ്പാദ്യത്തിന്നുള്ള ആർത്തി നിങ്ങളെ ഖബ്റിൽ അടക്കം ചെയ്യപ്പെടുന്നത് വരെ അശ്രദ്ധരാക്കിയിരിക്കയാണ്. നിങ്ങൾ ഈ അശ്രദ്ധമായ നിലയിൽനിന്നും കർകയറുന്നേയില്ലല്ലോ. തീർച്ചയായും അടുത്ത് തന്നെ നിങ്ങൾ അറിയുന്നതാണ്. (വീണ്ടും ഞാൻ പറയുന്നു) നിങ്ങൾ ഇത് അടുത്തു തന്നെ അറിയുന്നതാണ്. നിങ്ങൾക്കു സുദൃഢമായ ജ്ഞാനം (علم اليقين) ലഭ്യമെങ്കിൽ നിങ്ങളുടെ ജീവിതം ഒരു നരകജീവിതമാണെന്ന് നിങ്ങൾക്കറിയുവാൻ സാധിക്കുന്നതാണ്, അതിന്നു ശേഷം വീണ്ടും ജ്ഞാനക്കണ്ണു (عين اليقين) കൊണ്ട് നോക്കുകയാണെങ്കിൽ ഈ യാഥാർത്ഥ്യം പരിപൂർണ്ണമായ നിലയിൽ നിങ്ങൾക്കു കാണാവുന്നതാണ്. അതിന്നു ശേഷം നിങ്ങൾക്കു സ്വയം തന്നെ നരകത്തിൽ ആ പതിയതായ അനുഭവം ലഭിക്കുന്നതും നിങ്ങൾ നടത്തിക്കൊണ്ടിരുന്ന ആഡംബരപൂർണ്ണവും അന്യായവും അനീതിയും നിറഞ്ഞതുമായ ജീവിതത്തെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെടുന്നതുമാണ്. അതായത് ദൈവശിക്ഷയെ നിങ്ങൾ ഹഖ്ഖുൽയഖീനായി അനുഭവിച്ചറിയുന്നതാണ്. (102:2-9)

പ്രസ്തുത ആയത്തുകളിൽനിന്നും യഖീൻ (വിശ്വാസം) മൂന്നുതരത്തിലുള്ളതാണെന്നു മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

1) സാധാരണ അറിവും അനുമാനവും കൊണ്ടുള്ള വിശ്വാസം. ഉദാഹരണമായി ദൂരെനിന്നും പുക വമിച്ചുകൊണ്ടിരിക്കുന്നതായി കാണുന്ന ഒരാൾ അവിടെ തീ കത്തിക്കൊണ്ടിരിക്കുന്നതായി അനുമാനിക്കുന്നു.

2) രണ്ടാമത്തേത് പ്രസ്തുത തീയെ സ്വന്തം കണ്ണുകൊണ്ട് കാണുന്നത്മൂലം കിട്ടുന്ന അറിവ്മൂലമുണ്ടാകുന്ന വിശ്വാസം.

3) മൂന്നാമത്തേത് പ്രസ്തുത തീയിൽ കയ്യിട്ടുകൊണ്ട് കൈ പൊള്ളിക്കൊണ്ടുള്ള അനുഭവംമൂലം ഉണ്ടാകുന്ന വിശ്വാസം.

ഈ മൂന്നുതരത്തിലുള്ള വിശ്വാസങ്ങൾക്ക് ഇൽമുൽ യഖീൻ, ഐനുൽ യഖീൻ, ഹഖ്ഖുൽ യഖീൻ എന്നു പറയപ്പെടുന്നു. മനുഷ്യന്റെ യഥാർത്ഥത്തിലുള്ള സംതൃപ്തിയും ആനന്ദവും ദൈവസാമീപ്യത്തിലും ദൈവസ്നേഹത്തിലുമാണ് നിലകൊള്ളുന്നതെന്നും പ്രസ്തുത ബന്ധത്തെ വിച്ഛേദിച്ചുകൊണ്ടുള്ള വെറും ഭൗതികവും ഐഹികവും ആയ ജീവിതം നരകതുല്യമാണെന്നും അവസാനം ഐഹികമായ എല്ലാ സുഖസൗകര്യങ്ങളെയും പണവും സ്വത്തും എല്ലാംതന്നെ ഉപേക്ഷിച്ച്കൊണ്ട് വെറുംകയ്യോടെ ഈ ലോകത്തെ വിട്ടുപിരിയുമ്പോൾ താൻ ഇതുവരെ നയിച്ചിരുന്നത് ഒരു നരകജീവിതം മാത്രമായിരുന്നുവെന്നും അവന്ന് മനസ്സിലാകുമെന്ന് പ്രസ്തുത അധ്യായം പറയുന്നു.

മറ്റൊരിടത്ത് അല്ലാഹു പറയുന്നതാവിത്.

ولمن خاف مقام ربه جنتان

അല്ലാഹുവിന്റെ അതിമഹത്തായ സ്ഥാനത്തെയും മാഹാത്മ്യത്തെയും അറിഞ്ഞുകൊണ്ട് അവന്റെ തിരുസന്നിധിയിൽ ഒരുദിവസം സന്നിഹിതനാകേണ്ടിവരുമല്ലോ എന്ന ഭയംകൊണ്ട് ഭയഭക്തിയോടുകൂടിയ പാപർഹിതമായ ജീവിതം നയിക്കുന്ന ആളുകൾക്ക് രണ്ടു സ്വർഗ്ഗങ്ങൾ ഉണ്ട്. ഒന്ന് ഈ ലോകത്തുതന്നെ പരിശുദ്ധവും പവിത്രവും ആയ സ്വർഗ്ഗീയ ജീവിതം ലഭ്യമാകുന്നതാണ്. ദൈവത്തിന്റെ പ്രത്യേക സംരക്ഷണത്തിൻ കീഴിൽ അവർ ജീവിതം നയിക്കുന്നതാണ്.

രണ്ടാമത്തേത് മരണത്തിനുശേഷമുള്ള സ്ഥായിയായ സ്വർഗ്ഗീയ ജീവിതം. ഭയഭക്തിയോടുകൂടിയും ലൌകിക ജീവിതത്തെയും സ്വയേച്ഛകളെയും അതിജീവിച്ച്കൊണ്ടുള്ള ജീവിതം നയിച്ചതിന്റെ ഫലമായി ലഭിക്കുന്ന ഒന്നായിരിക്കും ഈ സ്വർഗ്ഗം.

മറ്റൊരു ആയത്തിൽ അല്ലാഹു പറയുന്നു.

انا اعتدنا للكافرين سلاسلا واغلالا و سعيرا انّ الابرار
يشربون من كأس كان مزاجها كافورا عينا يشرب بها عباد
الله يفجرونها تفجيرا ويسقون فيها كأسا كان مزاجها زنجبيلا عينا
فيها تسمى سلسبيلا *

തീർച്ചയായും അവിശ്വാസികൾക്കായി ചങ്ങലകളും കുവളയങ്ങളും എരിയുന്ന അഗ്നിയും നാം തയ്യാറാക്കി വെച്ചിട്ടുണ്ട്. ദൈവത്തിൻെറ യഥാർത്ഥ ദാസന്മാർ ഒരു പാത്രത്തിൽനിന്നും കാഫൂർകലർന്ന പാനീയം കഴിക്കുന്നതാണ്. ദൈവദാസന്മാർ നീരുറവിൽനിന്നും ജലപാനം ചെയ്യുന്നതാണ്——അവർ പിറക്സഞ്ചബീൽ പാനീയം കഴിക്കുന്നതാണ്. സൽസബീൽ എന്നു വിളിക്കപ്പെടുന്ന അതിലെ ഒരു അരുവിയായിരിക്കും അതു്. (76 : 5,6,17)

അതായത്, ദൈവസ്നേഹം ഹൃദയത്തിൽ കുടികൊള്ളാത്ത, ഭൗതികതയിൽമാത്രം ലയിച്ചിരിക്കുന്ന അവിശ്വാസികളുടെ പിരടിയിലും കഴുത്തിലും ചങ്ങലകളും കുവളയങ്ങളും എരിഞ്ഞുകൊണ്ടിരിക്കുന്ന തീയും സജ്ജമാക്കപ്പെട്ടിരിക്കുകയാണ്. ലൌകികമായ അഭിവാഞ്ചകളും ഭൌതികമായ സ്നേഹവും അവരുടെ കാലുകളിൽ കെട്ടിപ്പിണഞ്ഞുകിടക്കുന്ന ചങ്ങലകളാണ്. ദൈവത്തെ ഉപേക്ഷിച്ചും അലക്ഷ്യപ്പെടുത്തിയും കൊണ്ടുള്ള ഭാരം കഴുത്തിൽ തൂങ്ങിക്കിടക്കുന്നതിനാൽ അവററു് തല ഉയർത്തിനോക്കുവാൻ സാധിക്കുന്നില്ല. തൻമൂലം അവരുടെ ദൃഷ്ടി എപ്പോഴും ഭൂമിയുമായി ബന്ധപ്പെട്ടുകിടക്കുകയാണ്. ഭൌതികമായ ആശാഭിലാഷങ്ങളെക്കുറിച്ചുള്ള തീ അവരുടെ ഹൃദയങ്ങളിൽ എപ്പോഴും ആളിക്കത്തിക്കൊണ്ടിരിക്കുന്നു.

എന്നാൽ സൽകർമ്മികളും സദാചാരനിഷ്ഠരും ആയ നല്ലവർ കർപ്പൂരപാനീയം കുടിക്കുന്നവരായിരിക്കും. അതിനാൽ അവരുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരിക്കുന്ന ലൌകിക സുഖവും ഭൌതികമായ തൃഷ്ണയും ആ

റിത്തണുത്തുകൊണ്ടിരിക്കുന്നു. ഭൌതികമായ സുഖദാഹം അടങ്ങിപ്പോകുന്നു. കർപ്പൂരപാനിയത്തിൻെറ ഒരു നീരുറവ് അവർക്ക് ലഭിക്കുന്നു. പ്രസ്തുത നീരുറവിനെ അവർ പല അരുവികളാക്കി മാററിക്കൊണ്ടിരിക്കുന്നു. അങ്ങിനെ അടുത്തും അകലെയുമുള്ളവർക്ക് അവരുടെ ദാഹശമനത്തിന്നായി അത് ഉപകരിക്കുന്നു. ആ നീരുറവിയിൽനിന്നും പാനീയം കുടിച്ചതിൻെറ ഫലമായി അവരുടെ വിശ്വാസശക്തി പുഷ്ടിപ്പെടുകയും ദൈവസ്നേഹം ഔന്നത്യം പ്രാപിക്കുകയും ചെയ്യുന്നു. അപ്പോൾ അവർക്ക് സഞ്ചബീൽ എന്ന പേരായ ഒരു പാനീയം നൽകപ്പെടുന്നു. അതായത് ആദ്യമായി കാഫൂർ എന്നപേരിലുള്ള പാനീയം കഴിച്ചതിൻെറ ഫലമായി ഭൌതികമായ സ്നേഹം അവരുടെ ഹൃദയങ്ങളിൽ ആറിത്തണുക്കുന്നു. അതിന്നുശേഷം ദൈവസ്നേഹത്തിൻെറ ഉഷ്ണം അവരിൽ ഉണ്ടാക്കുവാനായി സഞ്ചബീലീപാനീയം നൽകപ്പെടുന്നു. ഈ നീരുറവിൻെറ പേർ സൽസബീൽ എന്നായിരിക്കും. സൽസബീൽ എന്നാൽ ദൈവമാർഗ്ഗത്തെക്കുറിച്ച് ചോദിച്ചറിയുക എന്നാണ് അർത്ഥം.

വീണ്ടും പറയുന്നതാവിത്

قد افلح من زكّها وقد خاب من دسّيها

തൻെറ ആത്മാവിനെ (നഫ്സിനെ) പരിശുദ്ധമാക്കിസ്വയേച്ഛകളിൽനിന്നും ആശാഭിലാഷങ്ങളിൽനിന്നും സംശുദ്ധമാക്കിയവൻ മോക്ഷപ്രാപ്തനാവുകയും സ്വർഗ്ഗീയ ജീവിതത്തിന്നർഹനാവുകയും ചെയ്യുന്നു. എന്നാൽ

തന്റെ നഫ്സിനെ ഭൂമിയിൽ മൂടിക്കളയുകയും ആത്മീയമായ ഉയർച്ചക്ക ശ്രമിക്കാതിരിക്കുകയും ചെയ്യുന്നവൻ തോൽവി അടയുന്നു. (91:10,11)

ഇത്തരം കാര്യങ്ങൾ മനുഷ്യന്റെ പ്രയത്നങ്ങളാൽ മാത്രം നേടിയെടുക്കുവാൻ സാധിക്കുന്നതല്ല. അതിനായി ദൈവസഹായം അർത്ഥിക്കുവാൻ–പ്രാർത്ഥിക്കുവാനുള്ള പ്രചോദനം വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിലും നൽകിക്കൊണ്ടിരിക്കുന്നു: അതുകൊണ്ടാണ് അല്ലാഹു ادعونی استجب لکم നിങ്ങൾ എന്നോട് പ്രാർത്ഥിക്കുക. ഞാൻ നിങ്ങളുടെ പ്രാർത്ഥനകളെ സ്വീകരിക്കുന്നതാണെന്നു പറഞ്ഞിട്ടുള്ളത്.

അല്ലാഹു തുടർന്നു പറയുകയാണ്.

واذا سألك عبادى عنى فانى قريب اجيب دعوة الداع اذا

دعان فليستجيبوالى وليؤمنوا بى لعلهم يرشدون

അതായത് എന്റെ അടിയാറുകൾ എന്നെക്കുറിച്ച് ചോദിക്കുകയാണെങ്കിൽ, ദൈവാസ്തിക്യത്തെക്കുറിച്ചുള്ള അടയാളം ആവശ്യപ്പെടുകയാണെങ്കിൽ ഞാൻ വളരെ അടുത്തുതന്നെ ഉണ്ടെന്നും എന്നെ വിളിക്കുന്നവക്ക് ഞാൻ ഉത്തരം നൽകുന്നവനെന്നും നീ അവരോടു പറയുക. അതുകൊണ്ട് അവരുടെ പ്രാർത്ഥനകൾ കേട്ട ഉത്തരം നല്കുവാൻ എന്നിൽ അവർ പൂർണ്ണമായും വിശ്വാസം അർപ്പിക്കുകയും എന്റെ ആജ്ഞകൾ അനുസരിച്ച നടക്കുകയും ചെയ്യട്ടെ. അപ്പോൾ അവർക്ക് എന്നിലേക്കുള്ള മാർഗ്ഗം കരഗതമാകുന്നതാണ്. (2:187)

വീണ്ടും അവൻ പറയുന്നു.

والذين جاهدوا فينا لنهدينهم سبلنا

നമ്മുടെ വഴിയിൽ നമ്മെ പ്രാപിക്കുവാനായി പ്രവർത്തിക്കുന്നവർക്ക് നാം തന്നെ നമ്മിലേക്ക് മാർഗ്ഗദർശനം നൽകുന്നതായിരിക്കും.

വീണ്ടും പറയുന്നു.

وكونوا مع الصادقين

സാത്വീകരോടുകൂടി സഹവാസം കെട്ടുവിൻ (9:110) അതായത് ദൈവത്തെ പ്രാപിക്കുവാൻ പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്നതോടൊപ്പം നല്ലവരുമായി സഹവാസം കെട്ടുകയും വേണമെന്ന് അല്ലാഹ് പറയുന്നു. കാരണം ഈ വഴിയിൽ നല്ല സഹവാസവും ഒരുപാധിയും നിബന്ധനയും ആണ്.

മേൽ വിവരിച്ച എല്ലാ അദ്ധ്യാപനങ്ങളും ഇസ്ലാമിന്റെ യാഥാർത്ഥ്യത്തിലേക്കു വെളിച്ചം വീശുന്നവയാണ്.

ഞാൻ ആദ്യം വിവരിച്ചത് പോലെ ഇസ്ലാമിന്റെ യഥാർത്ഥതത്വം, തന്നെ ഒരു ബലിയാടിനെപ്പോലെ ദൈവത്തിന്റെ തിരുസന്നിധിയിൽ അർപ്പണം ചെയ്യുകയും തന്റെ സ്വേച്ഛകളെ ദൈവേഷ്ടത്തിന്നായി ഉപേക്ഷിക്കുകയും ദൈവസ്നേഹം പൂർണ്ണമായും കൈക്കൊണ്ട് അവിന്നു കീഴ്പ്പെട്ടു നടക്കുകയും ചെയ്യുക എന്നുള്ളതാണ്.

ദൈവത്തെ മാത്രം കാണുകയും അവൻെറ ശബ്ദം മാത്രം കേൾക്കുകയും അവനിൽ മാത്രം ലയിച്ചു കൊണ്ടിരിക്കുകയും ദൈവനാമം മാത്രം ഉച്ചരിക്കുകയും ചെയ്യുന്ന കണ്ണും, കാതും, ഹൃദയവും, നാവും ഉണ്ടാക്കുക എന്നുള്ളതാണ് ഇസ്ലാമിൻെറ ലക്ഷ്യം. അതായത്ത് പരിപൂർണ്ണമായും ദൈവത്തിൻെറ ഇഷ്ടത്തിന്നും ഇച്ഛയ്ക്കും അനുസരിച്ച ജീവിക്കുക എന്നതാണിതിൻെറ ഉദ്ദേശം.. അങ്ങിനെ ഒരു മനുഷ്യൻ തന്നിൽ ഒരു പരിപൂർണ്ണമായ മരണത്തെ ആവാഹിച്ചെടുക്കുമ്പോൾ ദൈവം തൻെറ കാരുണ്യാതിരേകത്താൽ തൻെറ ജീവൽ വചനംകൊണ്ടും ആത്മീയ പ്രകാശത്താലും ആ ആളെ പുനർജ്ജീവിപ്പിക്കുന്നു. ദൈവത്തിൻെറ മാധുര്യമേറിയ വചനം കൊണ്ട് അയാൾ അനുഗൃഹീതനായിത്തീരുകയും ചെയ്യുന്നു. മനുഷ്യൻെറ ബുദ്ധികൊണ്ടോ ഭൗതികമായ കൺകളാലോ യഥാർത്ഥനില അറിയുവാൻ സാധിക്കാത്ത്ര ലോലമായ ഒരാത്മീയ പ്രഭാവവും പ്രകാശവും ആ ആളുടെ ഹൃദയത്തിൽ പ്രവേശിക്കുന്നു. അല്ലാഹു പറയുകയാണ് نحن اقرب اليه من حبل الوريد നാം അവൻെറ ജീവനാഡിയേക്കാൾ വളരെയടുത്ത് നിലകൊള്ളുന്നു (50: 17

അങ്ങിനെ ദൈവം ആ മനുഷ്യനെ തൻെറ സാമീപ്യം കൊണ്ടനുഗ്രഹിക്കുന്നു. അപ്പോൾ അവൻെറ അന്ധത നീങ്ങി കണ്ണുകൾക്ക് പ്രകാശം ലഭിക്കുകയും അങ്ങിനെ പുതിയ കാഴ്ചപ്പാടോടെ അവൻ ദൈവത്തെ വീക്ഷിക്കുകയും അവൻെറ ദിവ്യശബ്ദം കേൾക്കുകയും അവൻെറ ദിവ്യപ്രകാശത്തിൻെറ പുതപ്പിൽ പുതക്കപ്പെട്ടു കൊണ്ടിരിക്കുന്നതായി അവന്നു അനുഭവപ്പെ

ടുകയും ചെയ്യുന്നു. അതോടുകൂടി മതത്തിന്റെ ഉദ്ദേശം പൂർത്തിയാകുന്നു. അങ്ങിനെ മനുഷ്യൻ തന്റെ സ്രഷ്ടാവിനെ ശരിക്കും കണ്ടറിഞ്ഞ ശ്രേഷ്ഠമായ ജീവിതത്തിൽ നിന്നും വിരമിക്കുകയും ഒരുപുതു പ്രകാശവും നവചൈതന്യവും സംജാതമാവുകയും ചെയ്യുന്നു. പരലോകത്തുണ്ടാകുന്ന ദൈവദർശനത്തിനായി കാത്തിരിക്കേണ്ടുന്ന ആവശ്യമില്ലാതെ ഇഹലോകത്ത് വെച്ചു തന്നെ ദൈവദർശനം ലഭ്യമാവുകയും സ്വർഗ്ഗീയാനുഭൂതികളെ ആസ്വദിക്കുകയും ചെയ്യുന്നു.

തത്സംബന്ധമായി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നത് കാണുക:

ان الذين قالوا ربنا الله ثم استقاموا تتنزل عليهم الملائكة الا

تخافوا ولا تحزنوا وابشروا بالجنة التى كنتم توعدون

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്നു പറയുകയും' എന്നിട്ട് അതിൽത്തന്നെ ഉറച്ചു നില്ക്കുകയും ചെയ്യുകയും ചെയ്യുന്നവരുടെ മേൽ മലക്കുകൾ ഇറങ്ങുന്നു. ''നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട നിങ്ങളോടു വാശത്തം ചെയ്യപ്പെട്ട സ്വർഗ്ഗത്തെക്കുറിച്ച് സുവിശേഷം കേൾക്കുക (41: 31)

അതായത്, നമ്മുടെ ദൈവം എല്ലാ സൽഗുണങ്ങളുടെയും മൂർത്തീകരണമാണെന്നും അവന്നു സത്തയിലോ ഗുണത്തിലോ ഒരു പങ്കാളിയും ഇല്ലെന്നും പറയുകയും അതിൽ സുദൃഢമായി നിലനില്ക്കുകയും എന്തുതന്നെ പ്രകമ്പനങ്ങളും ദുഃഖങ്ങളും പരീക്ഷണങ്ങളും നേരിട്ടാലും

മരണം തന്നെ വന്നു ഭവിച്ചാലും തങ്ങളുടെ വിശ്വാസത്തിൽ കടുകളവ്‌ വ്യത്യാസം കാണിക്കാതിരിക്കുകയും ചെയ്യുന്നവരിൽ മലക്കുകൾ ഇറങ്ങുന്നതായിരിക്കും. ദൈവം അവരോട്‌ സംസാരിക്കുന്നതുമായിരിക്കും. നിങ്ങൾ പരീക്ഷണങ്ങളെയും ദുഃഖങ്ങളേയും ക്രൂരന്മാരായ ശത്രുക്കളെയും കുറിച്ച്‌ ഭയപ്പെടുകയോ ഭൂതകാലങ്ങളിൽ ഏല്പെട്ട കഷ്ടനഷ്ടങ്ങളെ ഓർത്തു വ്യസനിക്കുകയോ പരിതപിക്കുകയോ ചെയ്യേണ്ടെന്നും താൻ എപ്പോഴും നിങ്ങളുടെ കൂടെ ഉണ്ടായിരിക്കുന്നതും ഇഹലോകത്തിൽത്തന്നെ വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗ്ഗീയാനുഭൂതികളെ തരുന്നതാണെന്നും അതുകൊണ്ട്‌ നിങ്ങൾ സന്തുഷ്ടരായിരിക്കുക എന്നും ദൈവം അവരോടു പറയുന്നതാണ്‌.

പ്രസ്തുത സംഗതികൾ തെളിവില്ലാത്തതും പൂർത്തിയാക്കപ്പെടാത്തതുമായ വെറും വാക്കുകളും വാഗ്ദാനങ്ങളും അല്ല. കുറിച്ച്‌ ഇസ്ലാംമതത്തിൽ ആയിരക്കണക്കിലുള്ള മഹാത്മാക്കൾ പ്രസ്തുത ആത്മീയ സ്വർഗ്ഗാനുഭൂതികളെ ആസ്വദിച്ചുകൊണ്ടിരുന്നു. വാസ്തവത്തിൽ ഇസ്ലാമിന്റെ യഥാർത്ഥ അനുയായികൾ കഴിഞ്ഞുപോയ സാത്വീകരായ പുണ്യാത്മാക്കളുടെ യഥാർത്ഥ അവകാശികളാണ്‌. അവർക്കുണ്ടായിരുന്ന വിവിധാനുഗ്രഹങ്ങൾ ഈ ശ്രേഷ്ഠസമുദായത്തിനും ലഭിക്കുകയും വിശുദ്ധഖുർആനിൽ കാണുന്ന ഈ പ്രാർത്ഥന സ്വീകരിക്കുകയും ചെയ്യിരിക്കുന്നു.

اهدنا الصراط المستقيم صراط الذين انعمت عليهم غير المغضوب عليهم ولا الضالين

(ദൈവമേ!) നീ ഞങ്ങൾക്ക് നേർ മാർഗ്ഗം കാണിച്ചുതരേണമേ! നിന്റെ അനുഗ്രഹം ലഭിച്ചവരുടെ വഴിയിൽ (ഞങ്ങളെ നടത്തേണമേ) നിന്റെ ക്രോധം ലഭിച്ചവരുടെയും വഴികേടിലായവരുടെയും വഴിയിലല്ല. (1: 6–7)

അതായത്ത് ദൈവമെ! നിന്റെ വിവിധ അനുഗ്രഹങ്ങൾക്കും വരദാനങ്ങൾക്കും പാത്രവാന്മാരായ സല്കർമ്മികളും സാത്വീകരും ആയവരുടെ വഴിയിൽ നീ ഞങ്ങളെ നടത്തേണമെ! അവർ നിന്റെ വെളിപാടുകളാൽ—നീയുമായുള്ള സംസാരത്താൽ അനുഗ്രഹീതരായിരുന്നു. അവരുടെ പ്രാർത്ഥനകൾ നീ സ്വീകരിച്ചു കൊണ്ടിരുന്നു. സദാസമയവും നിന്റെ സഹായവും അനുഗ്രഹാശംസകളും അവർക്ക് ലഭിച്ചു കൊണ്ടിരുന്നു ദൈവമെ! നിന്റെ വെറുപ്പിന്നും ക്രോധത്തിന്നും പാത്രമായവരുടെ വഴിയിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ! കാരണം അവർ നീ കാണിച്ച് കൊടുത്ത വഴിയിൽ നടക്കാതെ ഇതര മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നവരാണ്.

ഈ ഒരു പ്രാർത്ഥന നമസ്കാരത്തിൽ അഞ്ചുനേരവും നാം ചെയ്തുകൊണ്ടിരിക്കുന്നു. ഇതിൽനിന്നും ആത്മീയമായി അന്ധനായിക്കൊണ്ടുള്ള ഭൗതീക ജീവിതവും ഇതേരീതിയിൽ തന്നെയുള്ള മരണവും ഒരു നരകമാണെന്നു മനസ്സിലാവുന്നു. അപ്രകാരംതന്നെ ദൈവത്തിന്റെ യഥാർത്ഥദാസനായി, അവനെ ശരിക്കും കണ്ടറിഞ്ഞു, അവനിൽ പൂർണ്ണമായ വിശ്വാസമർപ്പിച്ച് സർവ്വപാപങ്ങളിൽനിന്നും വിമുക്തനായി ദൈവസ്നേഹത്താൽ ലയിച്ചിരിക്കുന്നവനായ ആൾ സ്വർഗ്ഗീയ ജീവിതം ലഭ്യമായവനാണ്.

ചുരുക്കത്തിൽ ദൈവീകമായ സമ്പക്കം ലഭിക്കാതിരിക്കുകയും അവനുമായി സംസാരിക്കാനുള്ള വാഞ്ഛ ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരു ഹൃദയം മുദ്രിയടഞ്ഞ ഹൃദയമാണ്. അതേപ്രകാരം തന്നെ തൻെറ അനുയായികളെ ദൈവവുമായുള്ള സമ്പക്കവും സാമീപ്യവും നല്കുവാൻ സാധിക്കാത്ത മതവും ദൈവമതമായിത്തീരുവാൻ വഴിയില്ല. അത്തരത്തിലുള്ള മതത്തിന്ന ആത്മീയമായ ജീവസ്സ് ഉണ്ടായിരിക്കുകയില്ല. അപ്രകാരംതന്നെ ദൈവവുമായി സമ്പക്കവും സാമീപ്യവും അവനുമായി സംസാരിക്കാനുള്ള ആത്മീയ ശക്തിയും കൊടുക്കുവാൻ സാധിക്കാത്ത ഒരുപ്രവാചകവാദിയും ദൈവത്താൽ നിയുക്തനായ ആളാവാൻ നിവൃത്തിയില്ല. മറിച്ച അത്തരത്തിലുള്ള ആൾ ദൈവത്തിൽ കററു കെട്ടിപ്പറയുന്ന ആളായിരിക്കും. കാരണം മനുഷ്യൻെറ അതിമഹത്തായ സൃഷ്ടിയുടെ ഉദ്ദേശവും ജീവിത ലക്ഷ്യവും ദൈവാസ്തിക്യത്തിലും അവൻെറ രക്ഷാധികാരത്തിലും ഉള്ള വിശ്വാസവും തന്മൂലം പാപത്തിൽ നിന്നുള്ള വിമോചനവും ആണ്.

എന്നാൽ പരോക്ഷകനും അഗോചരനും ആയ ദൈവത്തിൽനിന്നും ''ഞാൻ ഉണ്ട്''' (അനൽ മൗജൂദ്) എന്ന ശബ്ദം കേൾക്കുന്നതുവരെയും അവനിൽ നിന്നും വ്യത്യക്തമായ അടയാളങ്ങൾ ലഭിക്കുന്നത് വരെയും എങ്ങിനെയാണ് അവനിൽ സുദൃഢവും പൂർണ്ണവും ആയ വിശ്വാസം വരിക. ഇത്തരത്തിലുള്ള ദൈവീകജ്ഞാനം വെറും യുക്തിപരമായ തെളിവുകൾ കൊണ്ടു മാത്രം ലഭിക്കുന്ന ഒന്നല്ല. ആകാശഭൂമികളുടെ സൃഷ്ടിയും അവയുടെ രചനയും ഘടനയും

ചലനവും ഒരു സ്രഷ്ടാവിന്റെയും നിയന്താവിന്റെയും ആവശ്യകതയെ വിളിച്ചോതുന്നുണ്ടെങ്കിലും അത്തരത്തിലുള്ള ഒരു സ്രഷ്ടാവും നിയന്താവും തീർച്ചയായും ''ഉണ്ട്'' എന്ന സുദൃഢമായ വിശ്വാസത്തെ തരുന്നില്ല. ''ഉണ്ടായിരിക്കേണം'' എന്നതു ഒരു നിഗമനം മാത്രമാണ്. എന്നാൽ ഉണ്ട്'' എന്നുള്ളതാണ് യഥാർത്ഥ വിശ്വാസം. ഇവ രണ്ടിനുമിടയിൽ വളരെയധികം വ്യത്യാസമുണ്ട്. ആദ്യത്തേതിൽ ഒരു സ്രഷ്ടാവിന്റെ ആവശ്യകതയെക്കുറിച്ചു പറയപ്പെടുന്നുവെങ്കിൽ രണ്ടാമത്തേതിൽ ഒരു സ്രഷ്ടാവ് ഉണ്ട് എന്ന യാഥാർത്ഥ്യത്തിലേക്കു വെളിച്ചം വീശുന്നു.

ഇക്കാലത്തു വിവിധ മതങ്ങൾക്കിടയിൽ അതിഭയാനകമായ ഒരു വടംവലി നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ യഥാർത്ഥവും സുദൃഢവും ആയ വിശ്വാസത്തോടുകൂടി ദൈവ സാമീപ്യം കരഗതമാവുന്ന മതമാണ് യഥാർത്ഥ മതമെന്നകാര്യം സത്യാന്വേഷികൾ വിസ്മരിക്കുവാൻ പാടില്ല.

ഇത്രയും പറഞ്ഞതിനുശേഷം ഈ നാട്ടിൽ ഇന്നു കാണുന്ന ചിലമതങ്ങളെക്കുറിച്ചു അവ ദൈവജ്ഞാനം (മഅ്രിഫഃ)വഴി സുദൃഢവും പരിപൂർണ്ണവും ആയ വിശ്വാസത്തിലേക്ക് നയിക്കുന്നവയാണോ എന്നും അവയുടെ വേദങ്ങൾ ദൈവവുമായി സമ്പർക്കവും സാമീപ്യവും കരസ്ഥമാക്കാൻ സാധിക്കുന്നതാണെന്ന സ്വവാദം നല്കുന്നുണ്ടോ എന്നും അതിനുള്ള വല്ലസാക്ഷ്യവും ഉദാഹരണവും ഈ കാലത്ത് കാണിക്കുവാൻ സാധിക്കുമോ എന്നും നമുക്കു അല്പമൊന്നു വിശകലനം ചെയ്യാം.

ഒന്നാമതായി നമുക്കു കൃസ്തുമതത്തെപ്പററി ചിന്തിക്കാം. യേശുകൃസ്തുവിന്നുശേഷം ദൈവീക വെളിപാടിൻെറ (വഹ്‌യ്, ഇൽഹാം) വഴികൾ അടക്കപ്പെട്ടുപോയിരിക്കുന്നുവെന്നും പ്രസ്തുത ദൈവീകാനുഗ്രഹം ഇനി ആർക്കും തന്നെ ലഭ്യമല്ലെന്നും കൃസ്ത്യാനികൾ ഏകകണ്ഠമായി വിശ്വസിക്കുന്നു. അവരുടെ വിശ്വാസപ്രകാരം പ്രസ്തുത ദൈവീകാനുഗ്രഹം ലഭിക്കുന്നതിന്നു ഒരുവഴിയും ഇല്ല. അവസാന നാൾവരെ ദൈവീകാനുഗ്രഹത്തിൻെറ വാതിൽ കൊട്ടിയടക്കപ്പെട്ടിരിക്കുകയാണ.

ഇവർ മോക്ഷ പ്രാപ്തിക്കായി ബുദ്ധിക്കും യുക്തിക്കും ദൈവ നീതിക്കും കാരുണ്യത്തിന്നും കടക വിരുദ്ധമായ തികച്ചും വിനോദപരമായ ഒരു പുതുവഴി കണ്ടു പിടിച്ചിരിക്കുകയാണ്. അതായത് ഹസ്രത്ത് മസീഹ് (അ) മുഴലോകത്തുമുള്ള പാപങ്ങളെ തൻെറ ശിരസ്സിലേററി കരിശിൽ മരിക്കുവാൻ സമ്മതിക്കുകയുണ്ടായി എന്നു അങ്ങിനെ തൻെറ കരിശു മരണം മുഖേന മുഴലോകത്തെയും പാപ വിമോചിതനാക്കുകയുണ്ടായി. അതായത് ദൈവം പാപികളെ രക്ഷിക്കുവാൻ നിർദ്ദോഷിയും പാപരഹിതനുമായ തൻെറ മകനെ ബലിയാടാക്കുകയുണ്ടായി. ഇതത്രേ പാപ പരിഹാര സിദ്ധാന്തം.

എന്നാൽ ഇത്തരത്തിലുള്ള ഒരു മരണം കൊണ്ട് മററുള്ളവരുടെ ഹൃദയത്തിൽ കുടികൊണ്ടിരിക്കുന്ന പാപം എങ്ങിനെ തുടച്ചു മായ്ക്കപ്പെടുകയും മാലിന്യം ശുദ്ധീകരിക്കപ്പെടുകയും ചെയ്യും എന്ന് ഞങ്ങൾക്ക് മനസ്സിലാവുന്നില്ല.

പാപരഹിതനായ ഒരാാം കൊലചെയ്യപ്പെട്ടാൽ മററുളള പാപം ചെയ്തആാക്ക് എങ്ങിനെയാണ് വിമോചനപത്രം ലഭിക്കുക? ഈ സിദ്ധാന്തപ്രകാരം നീതിയും കരുണയും അല്ലേ കൊലചെയ്യപ്പെടുന്നത്? ഒരു പാപിക്കു പകരമായി മററൊരു പാപരഹിതൻ ശിക്ഷിക്കപ്പെടുന്നത് നീതിയാണോ? സ്വന്തം മകനെ ചെയ്യാത്തകുററത്തിന് കൊലചെയ്യിക്കുന്നത് ദൈവകാരുണ്യത്തിന് നിരക്കുന്നതാണോ? ഇത്കൊണ്ടു ലഭിക്കുന്ന ഫലമെന്താണ്?

ദൈവജ്ഞാനവും സുദൃഢവിശ്വാസവും ഇല്ലാത്തത്കൊണ്ടാണ് മനുഷ്യൻ പാപം ചെയ്യുന്നത് എന്നു നാം വിവരിച്ചുവല്ലോ. ഒരു കാരണം നിലനിൽക്കുന്നിടത്തോളം അതോടനുബന്ധിച്ച് കാര്യവും നിലനിൽക്കുമല്ലോ. കാര്യവും കാരണവും എന്നും അന്യോന്യം ബന്ധപ്പെട്ടുകിടക്കുന്നു. ദൈവജ്ഞാനം ഇല്ലാത്ത കാരണത്താൽ ഉണ്ടാകുന്ന പാപം നിലനിൽക്കുന്നുവെന്നിരിക്കെ പാപപരിഹാര സിദ്ധാന്തത്തിന്ന് ഒരു പ്രസക്തിയും ഇല്ലതന്നെ. അതായത് ദൈവജ്ഞാനം ഇല്ലാതെതന്നെ മനുഷ്യന്ന് പാപമുക്തിനേടാൻ സാധിക്കുമെന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല. ഒരു കാര്യത്തെക്കുറിച്ചു നമുക്കു പരിപൂർണ്ണജ്ഞാനം ഉണ്ടാകുന്നത്വരെ ആ കാര്യത്തെക്കുറിച്ച് നമുക്ക് സ്നേഹമോ അടുപ്പമോ അല്ലെങ്കിൽ ഭയമോ ശങ്കയോ ഉദിക്കുന്നതല്ല. ഒരു കാര്യത്തെക്കുറിച്ച് നമുക്ക് അറിവില്ലെങ്കിൽ അതിനെക്കുറിച്ച് നമ്മുടെ സമീപനം അലക്ഷ്യത്തോടുകൂടിയതായിരിക്കും. അതുകൊണ്ട് ദൈവത്തെക്കുറിച്ച് നമുക്കു

നല്ല അറിവും ജ്ഞാനവും ഉണ്ടാകുന്നത്‌വരെ, അവനുമായി ശരിയായ സാമീപ്യത്തിൽ ഏർപ്പെടാത്തതുവരെ ഒരുവന്ന്‌ പാപവിമോചനം ലഭിക്കുന്നതല്ല.

പ്രിയമുള്ളവരെ, ദൈവീകജ്ഞാനത്തെ സംബന്ധിച്ചിടത്തോളം ക്രൃസ്ത്യാനികളുടെ കയ്യിൽ വ്യക്തമായ ഒന്നുംതന്നെ ഇല്ലെന്ന യാഥാർത്ഥ്യം ഇവിടെ പ്രകടിപ്പിക്കാതെ നിവൃത്തിയില്ല. ദൈവീക വെളിപാടിൻെറ വാതിലുകാം അവർ നേരത്തെതന്നെ കൊട്ടിയടച്ചിരിക്കുകയാണ്‌. മസീഹിന്നും ശിഷ്യൻമാർക്കും ശേഷം മുഅ്ജിസത്തുകളും (അത്ഭുതങ്ങളും) ഇവർ അവസാനിപ്പിച്ചിരിക്കുകയാണല്ലോ. പിന്നെയുള്ളത്‌ ബുദ്ധിയും യുക്തിയുമാണ്‌. അതും ഇവരുടെ കൈകളിൽനിന്നും വഴുതിപ്പോയിരിക്കുന്നു. ഇന്നു വെറും കെട്ടുകഥകളായി പ്രദർശിപ്പിച്ചുവരുന്നത്‌ പഴയകാലത്തുനടന്ന ചില മുഅ്ജിസത്തുകളെയാണ്‌. അവയുടെ യാഥാർത്ഥ്യം ഇന്നും സംശയാസ്പദവും അതിശയോക്തികലർന്നതുമാണ്‌. കാരണം സുവിശേഷകർത്താക്കാം അതിശയോക്തി കലർത്തിയാണ്‌ കാര്യങ്ങാം അവതരിപ്പിച്ചത്‌ എന്നത്‌ ഇന്നു നിസ്തർക്കമായി തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്‌.

ഉദാഹരണമായി മസീഹ്‌ ചെയ്ത പ്രവൃത്തികാം എഴുതപ്പെടുകയാണെങ്കിൽ ഈ ലോകത്ത്‌ അത്‌ കൊള്ളുകയില്ല എന്നു ഒരു സുവിശേഷ കർത്താവ്‌ പറയുന്നു. നിങ്ങാംതന്നെ ചിന്തിച്ചുനോക്കുക അദ്ദേഹം ചെയ്ത പ്രവൃത്തികാംഎഴുതപ്പെടാതെ തന്നെ ഈ ലോകത്ത്‌ നിറഞ്ഞുവഴിഞ്ഞു കിടക്കു

ന്നു. എന്നാൽ അവ എഴുതപ്പെടാതെയാണെങ്കിൽ ലോകത്ത് കൊള്ളുകയില്ലപോലും. ഇതെന്തൊരു തത്വശാസ്ത്രവും. തർക്കശാസ്ത്രവുമാണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല.

ഹസ്രത്ത് മസീഹ് (അ) കാണിച്ചിരുന്ന മുഅ്ജിസ: കൾ ഹസ്രത്ത് മൂസാനബി (അ)കാണിച്ചിരുന്ന മുഅ്ജിസാക്കളേക്കാൾ ഒട്ടുംതന്നെ അധികമല്ല. അതേപ്രകാരംതന്നെ മസീഹ് കാണിച്ചിരുന്ന അടയാളങ്ങളെ ഹസ്രത്ത് ഏലിയാ പ്രവാചകൻ കാണിച്ചിരുന്ന അടയാളങ്ങളുമായി തുലനംചെയ്തു നോക്കുമ്പോൾ ഏലിയാപ്രവാചകൻെറ അടയാളങ്ങളാണ് കൂടുതൽ ശ്രദ്ധേയങ്ങളെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

അതുകൊണ്ട് അൽഭുതങ്ങളും അടയാളങ്ങളുംകൊണ്ട് ഒരാൾക്ക ദൈവമാകാമെങ്കിൽ ഈ മഹാത്മാക്കളെല്ലാംതന്നെ ദൈവമാകാൻ അർഹതയുള്ളവരാണ്. യേശു താൻ ദൈവപുത്രനായി വാദിച്ചിരുന്നുവെന്ന് ചില ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നതിനാൽമാത്രം അദ്ദേഹം ദൈവമാകുന്നമെന്നില്ലല്ലൊ.

ബൈബിളിൽ പലരെക്കുറിച്ചും ദൈവപുത്രന്മാർ എന്ന് പറയപ്പെട്ടിട്ടുണ്ടല്ലോ. ഇവരെല്ലാം ദൈവങ്ങളായി കരുതപ്പെടാത്തസ്ഥിതിക്ക് മസീഹിന്നുമാത്രം ഈ പ്രത്യേകത കൽപിക്കുന്നതിന്നു ഒരർത്ഥവും ഇല്ല. പ്രസ്തുത വേദത്തിൽ മസീഹിനെക്കുറിച്ചല്ലാതെ മററാരെക്കുറിച്ചും ദൈവമെന്നോ ദൈവപുത്രനെന്നോ- പറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ മാത്രമെ നമുക്ക് അതിനെക്കുറിച്ച്

ചിന്തിക്കാൻതന്നെ പററുകയുള്ള. എന്നിരുന്നാലും ഇത്തരം ലിഖിതങ്ങളെ നാം യഥാർത്ഥമായി കാണാൻ പാടുള്ളതല്ല. കാരണം ദൈവവചനങ്ങളിൽ ഇത്തരത്തിലുള്ള ആലങ്കാരിക പ്രയോഗങ്ങൾ ധാരാളം കാണാൻ സാധിക്കുന്നതാണ്.

ബൈബിളിൽ മസീഹ് ദൈവപുത്രനാണെന്ന് രേഖപ്പെട്ടുകിടക്കുന്നത്കൊണ്ട് അദ്ദേഹത്തിന്ന് ദൈവമാകാമെങ്കിൽ മററു പലരും ഈ കാര്യത്തിൽ മസീഹിനും പങ്കുകാരാണ്. അവർക്കും ഈ ദൈവപദവി കൊടുക്കേണ്ടതാണ്

ചുരുക്കത്തിൽ മോക്ഷപ്രാപ്തിക്കായി ഇവർ കാണിച്ചുതരുന്ന ഈ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നതിൽ ഒരർത്ഥവും ഇല്ല. പാപപരിഹാരത്തിന്നു പ്രസ്തുത സിദ്ധാന്തവും ആയി ഒരു ബന്ധവും പൊരുത്തവും ഇല്ല. മററുള്ളവരുടെ മോക്ഷത്തിന്നായി ആത്മഹത്യയും ആത്മാഹുതിയും ചെയ്യുന്നത്തന്നെ ഒരു മഹാപാപമാണ്. മസീഹ് സ്വന്തം ഇഷ്ടത്തോടുകൂടി ഒരിക്കലുംതന്നെ കരിശിൽ കയറിയിരുന്നില്ല എന്നു ഞാൻ സത്യംചെയ്തു പറയുന്നു. മറിച്ച് ദുഷ്ടരും ക്രൂരരും ആയ യഹൂദികളാണ് അദ്ദേഹത്തെപ്പിടിച്ച് കരിശിൽ ഏററിയിരുന്നത്. കരിശുമരണത്തിൽനിന്നും തന്നെ രക്ഷപ്പെടുത്തുവാൻ മസീഹ് (അ) തോട്ടത്തിൽപോയി രാത്രിമുഴവനും ഈറൻമിഴിയുമായി പ്രാർത്ഥിച്ച്കൊണ്ടിരുന്നു. അത്കൊണ്ട് ദൈവം തൻെറ ഭക്തദാസൻെറ പ്രാർത്ഥനയെ ശ്രവിച്ച് അദ്ദേഹത്തെ കരിശുമരണത്തിൽനിന്നും രക്ഷപ്പെടുത്തുകയുണ്ടായി ഇതു സുവിശേഷങ്ങൾതന്നെ സമ്മതിക്കുന്ന യാഥാർത്ഥ്യ

മാണ്. വാസ്തവം ഇങ്ങിനെയിരിക്കെ മസീഹ് സ്വ യേച്ഛയാ പ്രസ്തുത ആത്മഹത്യക്കു തയ്യാറായി എന്ന് പറയുന്നതിൽ എന്ത് വാസ്തവമാണുള്ളത്.

അത്മാത്രമല്ല, ഒരു സാധാരണ ബുദ്ധിക്ക്കൂടി പ്രസ്തുത പാപപരിഹാരസിദ്ധാന്തത്തെ സ്വീകരിക്കു വാൻ സാദ്ധ്യമല്ല. ഒരാൾ തന്റെ തലക്കു കല്ല് കൊണ്ടടിച്ചാൽ അത്കൊണ്ട് വേറൊരാളുടെ തലവേദന മാറും എന്ന പറയുന്നതു് എന്തു സിദ്ധാന്തമാണ്?

ഹസ്രത്ത് മസീഹ് (അ.) ഒരു ദൈവദൂതനും ദൈവത്തിന്റെ വരിഷ്ഠ ദാസനും ദൈവത്താൽ പരിശുദ്ധി പ്രാപിച്ച ആളും ആണെന്ന ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. എന്നാൽ അദ്ദേഹത്തെക്കുറിച്ചോ മററു പ്രവാചകന്മാരെക്കുറിച്ചോ വന്നിട്ടുള്ള ചില പദപ്രയോഗങ്ങളുടെ അടിസ്ഥാനത്തിൽ അവർ ദൈവങ്ങളാണെന്നു പറയുവാൻ ഞങ്ങൾ തയ്യാറല്ല. ഈ കാര്യത്തിൽ ഞാനും ഒരനുഭവസ്ഥനാണ്. ദൈവം തന്റെ പരിശുദ്ധ വെളിപാടുകളിൽ എന്നെക്കുറിച്ച് അരുൾചെയ്തിട്ടുള്ള ചില ബഹുമതികൾ, മസീഹിനെക്കുറിച്ച് സുവിശേഷങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതായി എനിക്കു കാണാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ ദൈവമോ ദൈവപുത്രനോ ആണെന്നു എനിക്കു വാദിക്കുവാൻ സാധിക്കുമോ?

ഇത്രയും പറഞ്ഞതിന്നു ശേഷം ഇനി നമുക്ക് സുവിശേഷം തരുന്ന അദ്ധ്യാപനങ്ങളെക്കുറിച്ച് നോക്കാം. പരിപൂർണ്ണമായ അദ്ധ്യാപനങ്ങൾ മനുഷ്യന്റെ സദാചാരപരവും മാനസീകവും ആയ ഉന്നമനത്തിന്നും പരിഷ്ക്കരണത്തിന്നും പരിപാലനത്തിന്നും പ്രയോജനകരമായ

തായിരിക്കേണ്ടതാണ്. മനുഷ്യ സ്വഭാവത്തിന്റെ ഒരേ ഒരു വശവുമായി മാത്രം ബന്ധപ്പെട്ടതായിരിക്കാൻ പാടില്ല. ഉത്തരത്തിലുള്ള പരിപൂർണ്ണത നിറഞ്ഞ അദ്ധ്യാപനം എനിക്കു വിശുദ്ധ ഖുർആനിൽ മാത്രമേ കാണാൻ സാധിച്ചിട്ടുള്ളു. അതിലുള്ള ഓരോ അദ്ധ്യാപനവും സത്യത്തിലും യുക്തിയിലും അധിഷ്ഠിതമായതാണ്.

ഉദാഹരണമായി ഒരാൾ നിന്റെ വലത്തുകവിളിൽ അടിച്ചാൽ ഇടത്തുകവിളും കാണിച്ച് കൊടുക്കേണമെന്ന് ബൈബിൾ ഉപദേശിക്കുന്നു. എന്നാൽ ഈ അദ്ധ്യാപനം എല്ലാ സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും പ്രായോഗികമല്ല.

എന്നാൽ വിശുദ്ധ ഖുർആൻ സമയവും സന്ദർഭവും സാഹചര്യവും അനുസരിച്ച് പെരുമാറേണമെന്ന് ഉൽബോധിപ്പിക്കുന്നു. അതായത് ക്ഷമയോ പ്രതികാരമോ, അതല്ല മറ്റേതോ ശിക്ഷയോ ഏതാണ് സന്ദർഭോചിതം? അതനുസരിച്ച് പെരുമാറേണ്ടതാണ്. ഇപ്രകാരം, വിശുദ്ധ ഖുർആന്റെ എല്ലാ അദ്ധ്യാപനങ്ങളും മനുഷ്യന്റെ ആത്മീയോൽക്കർഷത്തിലും പരിശുദ്ധിയിലും അധിഷ്ഠിതമാണെന്ന് മനസ്സിലാവുന്നു. മറിച്ച് സുവിശേഷത്തിലെ പ്രസ്തുത അദ്ധ്യാപനമനുസരിച്ച് എപ്പോഴും വർത്തിക്കുകയാണെങ്കിൽ മാനുഷിക മൂല്യങ്ങൾ തന്നെ നശിക്കുകയും ലോകത്തിന്റെ ഘടന തന്നെ താറുമാറായിപ്പോകുകയും ചെയ്യുന്നതായിരിക്കും.

അപ്രകാരംതന്നെ അന്യസ്ത്രീകളെ ദുർനോട്ടത്തോടു കൂടി വീക്ഷിക്കരുതെന്നു സുവിശേഷം പറയുന്നു. എന്നാ

ൽ അന്യസ്ത്രീകളെ ഒരു വിധത്തിലും (ദുഷിച്ചദൃഷ്ടിയോടോ നല്ലദൃഷ്ടിയോടോ) നോക്കാനെപാടില്ല എന്നു വിശുദ്ധഖുർആൻ ഉൽബോധിക്കുന്നു. കാരണം, ഇത് മനുഷ്യൻെറ കാലിടറിക്കുന്നവഴിയാണ്. ഈ അദ്ധ്യാപനം സ്വീകരിക്കുവാൻ സ്ത്രീപുരുഷ സ്വാതന്ത്ര്യത്തിൻെറ പെരുമ്പറയടിച്ചുകൊണ്ടിരിക്കുന്ന ഈ ആധുനികകാലത്ത് പലരും തയ്യാറായില്ലെന്നുവരും.

എന്നാൽ ശരിയായ അദ്ധ്യാപനം ഇതൊന്നു മാത്രമാണെന്ന് അനുഭവം മനസ്സിലാക്കിക്കൊടുക്കുന്നു. സ്ത്രീപുരുഷന്മാർ അന്യോന്യം ഒരു തടസ്സവും ഇല്ലാതെ കൂടിക്കലരുകയും പരസ്പരം സമ്പർക്കം പുലർത്തുകയും ചെയ്യുന്നതിൻെറ പരിണിതഫലം വളരെ ഭയാനകമാണെന്ന് അനുഭവം പഠിപ്പിക്കുന്നു. ഒരു പുരുഷൻ തൻെറ ഐഹികമായ വികാരഭാവങ്ങൾക്കടിമയായിപ്പോകുന്നത്പോലെതന്നെ ഒരു സ്ത്രീ യുവത്വത്തിൻെറ പ്രസരിപ്പിൽ തൻെറ വികാരവിചാരങ്ങളെ നിയന്ത്രിക്കാൻ സാധിക്കാത്ത സാഹചര്യം ചിലപ്പോൾ ഉണ്ടായിപ്പോകുന്നു. അത്തരത്തിൽ അവർക്ക് സ്വാതന്ത്ര്യം നൽകുന്നത് അവരിരുവരെയും പടുകുഴിയിൽ തള്ളുന്നതിന്നു സമമായിരിക്കും.

ഇതേപ്രകാരംതന്നെ ഇഞ്ചീൽ (സുവിശേഷം) തരുന്ന മറെറാരധ്യാപനം വ്യഭിചാരക്കുറ്റത്തിനല്ലാതെ വിവാഹമോചനം പാടുള്ളതല്ല എന്നുള്ളതാണ്. എന്നാൽ തൽസംബന്ധമായി വിശുദ്ധഖുർആൻ എന്താണ് പറയുന്നതെന്നു നോക്കുക.

ഭാര്യാഭർത്താക്കന്മാർ തമ്മിൽ അന്യോന്യം ജീവനുതന്നെ നാശം വരുത്തക്ക രീതിയിലുള്ള ശത്രുത ഉണ്ടാ

കുമ്പോഴും ഭാര്യ വ്യഭിചാരമല്ലെങ്കിലും അതുമായി ബന്ധപ്പെട്ടകാര്യത്തിൽ ചെയ്യുന്നവളാണെങ്കിലും, ഭർത്താവുമായി ബന്ധപ്പെട്ടാൽ അയാളുടെ നാശത്തിന്നു തന്നെ ഹേതുവായിത്തീരുന്ന ഏതെങ്കിലും മഹാരോഗമുള്ളവളാണെങ്കിലും ഇതുപോലുള്ള മററു ഏതെങ്കിലും കാരണങ്ങൾകൊണ്ട് ഭർത്താവ് വിവാഹമോചനം നേടുകയാണെങ്കിൽ അത് ആക്ഷേപാർഹമല്ല എന്ന് ഇസ്ലാം ഉൽബോധിക്കുന്നു.

ഇത്രയും പറഞ്ഞതിന്നുശേഷം, വീണ്ടും നമുക്ക് വിഷയത്തിലേക്ക് പ്രവേശിക്കാം.

മോക്ഷപ്രാപ്തിക്കോ പാപവിമോചനത്തിന്നോ കൃസ്തീയ സഹോദരൻമാരുടെ കയ്യിൽ യഥാർത്ഥത്തിലുള്ള ഒരു മാർഗ്ഗവും ഇല്ലെന്ന് ഓർമ്മിച്ചുകൊള്ളുവിൻ. മോക്ഷം എന്നാൽ മനുഷ്യൻ ഒരവസ്ഥയിലും പാപം ചെയ്യുവാൻ ധൈര്യം കാണിക്കാതിരിക്കുകയും ഐഹികമായ എല്ലാ സ്നേഹങ്ങളിന്മേലും ദൈവസ്നേഹത്തിന്ന് പ്രാധാന്യം കൽപിക്കുകയും ചെയ്യുക എന്നാണർത്ഥം.

ഈ സ്ഥിതിപരിപൂർണ്ണമായ ദൈവസ്നേഹത്തിൽനിന്നല്ലാത ഉത്ഭൂതമാവുന്നില്ല എന്നതു വ്യക്തമാണ് ഇത്തരത്തിലുള്ള പരിപൂർണ്ണമായ ദൈവജ്ഞാന സമ്പാദനത്തിന്നുള്ള വ്യക്തമായ മാർഗ്ഗങ്ങൾ നമുക്ക് വിശുദ്ധഖുർആനിൽ മാത്രമെ കാണാൻ സാധിക്കുകയുള്ളു. അങ്ങിനെ ദൈവഭക്തികാരണമായി നമുക്ക് പാപകൃത്യങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുന്നു.

॥

വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾക്കനുസരിച്ച് നടക്കുന്നതുകൊണ്ട് ദൈവപ്രീതിയോഷണത്തിന്നർഹരായി

ത്തീരുകയും ദൈവീകാടയാളങ്ങൾ പ്രത്യക്ഷമാവുകയും ചെയ്യുന്നു. അത്മാത്രമല്ല മനുഷ്യന്ന് ദൈവത്തിൽനിന്നു പരോക്ഷമായ ജ്ഞാനം ലഭിക്കുകയും അങ്ങിനെ അവനുമായി സുദൃഢബന്ധം കൈവരികയും ചെയ്യുന്നു. ദൈവദർശനത്തിന്നായുള്ള ഉൽക്കണ്ഠയും അഭിവാഞ്ചയും ഉത്ഭവിക്കുകയും അങ്ങിനെ ദൈവവുമായുള്ള സമ്പർക്കത്തിന്ന് സർവ്വോപരി പ്രാധാന്യം നൽകുകയും ചെയ്യുന്നു. അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടതായി അറിയിക്കപ്പെടുന്നു. അങ്ങിനെ ദൈവജ്ഞാനത്തിന്റെ ഒരരുവിതന്നെ ഒഴുകിവരികയും സർവ്വവിധ പാപങ്ങളും കഴുകപ്പെടുകയും ചെയ്യുന്നു.

മറുഭാഗത്ത് നാം സുവിശേഷത്തിലുള്ള അദ്ധ്യാപനങ്ങളെക്കുറിച്ച് വീക്ഷിക്കുകയാണെങ്കിൽ അതിൽ പാപവിമോചനത്തിന്നും യുക്തിക്കും ബുദ്ധിക്കും യോജിക്കാത്ത ഒരേ ഒരു വഴിമാത്രമെ കാണാൻ സാധിക്കുകയുള്ളു. എന്നാൽ ഈ വഴിക്കു പാപവിമോചനവും ആയി ഒരു വിദൂരബന്ധംപോലും നമുക്കു കാണാൻ സാദ്ധ്യമല്ല.

അൽഭുതമെന്നു പറയട്ടെ ഹസ്രത്ത് മസീഹ് മനുഷ്യസഹജമായ പല ബലഹീനതകളും കാണിച്ചുവെങ്കിലും മററാർക്കും കാണിക്കാൻ സാധിക്കാത്ത അമാനുഷികമായ ഒരു ദൈവീകശക്തിപ്രകടനവും അദ്ദേഹത്തിന്നു കാണിച്ചുതരുവാൻ സാധിച്ചിരുന്നില്ല. എന്നിട്ടും കൃസ്ത്യാനികൾക്കു അദ്ദേഹം ഒരു ദൈവമാണ്.

ഇനി നമുക്ക് ആര്യമതത്തെക്കുറിച്ചു അത് പാപപരിഹാരത്തിന്നായി എന്തൊരു സിദ്ധാന്തമാണ് പ്രബോധിക്കുന്നതെന്ന് സംക്ഷിപ്തമായി ഒരവലോകനം ചെയ്തു നോക്കാം.

ആര്യ സഹോദരന്മാരുടെ പുണ്യവേദം ഭാവിയിൽ ദൈവ പ്രഭാഷണവും ദൈവീകമായ അടയാളങ്ങളും ഉണ്ടാകുന്നതേഅല്ലെന്നു നിർദ്ദേശിക്കുന്നു.

ചുരുക്കത്തിൽ 'ഞാൻ ഉണ്ട്' എന്നു പ്രസ്താവിക്കുന്ന പ്രാർത്ഥനകളും സ്വീകരിച്ചുത്തരം നല്കുന്ന നവംനവങ്ങളായ അടയാളങ്ങളിൽ തന്നെ വെളിപ്പെടുത്തുന്ന ഒരു ദൈവത്തെ ഹിന്ദു മതവേദഗ്രന്ഥങ്ങളിൽ അന്വേഷിക്കുന്നതു് വ്യർത്ഥമായ ഒന്നാണ്. മാത്രമല്ല ഇത്തരം യത്നങ്ങൾ അവരുടെ പക്കൽ അനാവശ്യവും നിഷ്പ്രയോജനവും ആണ്.

ഏതെങ്കിലും ഒരു വിഷയത്തെപ്പററിയായുള്ള ഭയമോ സ്നേഹമോ ആ വിഷയത്തെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം ലഭിക്കുന്നത്‌വരെ ഉണ്ടാകുന്നതല്ല എന്നു ഞാൻ ആദ്യം വിവരിച്ചുവല്ലോ. പ്രകൃതി ശാസ്ത്രത്തിൽ മാത്രം ദൃഷ്ടിപായിക്കുന്നത്‌കൊണ്ട് അറിവു പൂർണ്ണമാകുന്നില്ല. അത്‌കൊണ്ടു തന്നെയാണ് ബുദ്ധിക്കു മാത്രം അടിമകളായിക്കഴിയുന്ന ആയിരക്കണക്കിലുള്ള നാസ്തികരെയും നിർമ്മതവാദികളെയും നമുക്കു കാണാൻ സാധിക്കുന്നതു. മാത്രമല്ല വെറും തത്വശാസ്ത്ര (Philosophy) ത്തിൽ മാത്രം പ്രാവീണ്യം ലഭിച്ചവരായ നാസ്തികരെയും നമുക്കു കാണ്മാൻ സാധിക്കുന്നു. പ്രകൃതിയെയും അതിൻെറ ഘടനയെയും ചലനത്തെയും

വീക്ഷിക്കുന്ന, നാസ്തിക ചിന്താഗതിയില്ലാത്ത ഒരാൾ വെറും ബുദ്ധിയും യുക്തിയും കൊണ്ട് മാത്രം ഇവയുടെ ഒരു സ്രഷ്ടാവും നിയന്താവും ഉണ്ടായിരിക്കേണമെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. യഥാർത്ഥത്തിൽ ഒരു സ്രഷ്ടാവും നിയന്താവും ഉണ്ട് എന്ന പൂർണ്ണജ്ഞാനം അവർക്ക് ലഭിക്കുന്നില്ല. എന്നാൽ ഈ പ്രപഞ്ചം സ്വയം ഭൂവാണെന്നോ അല്ലെങ്കിൽ പ്രകൃത്യാ ഒന്നുമറെറാന്നിൻെറ സ്രഷ്ടാവായിരിക്കാമെന്നോ ഉള്ള നിഗമനത്തിലും അവർ ചിലപ്പോൾ എത്തിച്ചേരുന്നു. ചുരുക്കത്തിൽ വെറും ബുദ്ധിയും യുക്തിയും കൊണ്ട് മാത്രം ഒരു സ്രഷ്ടാവ് ഉണ്ടെന്ന പൂർണ്ണജ്ഞാനത്തിൽ ഒരു മനുഷ്യന്ന് എത്തുവാൻ സാധിക്കുന്നില്ല. ഈ പൂർണ്ണജ്ഞാനമുണ്ടെങ്കിൽ മാത്രമെ ദൈവസ്നേഹവും ദൈവഭക്തിയും സംജാതമാവുകയുള്ളൂ. അപ്പോൾ എല്ലാ വിധപാപങ്ങളിൽ നിന്നും അവന്ന് മുക്തിയും മോക്ഷവും ലഭിക്കുകയും ഐഹികമായ ആശാഭിലാഷങ്ങൾ നശിച്ചു പോവുകയും ആത്മീയവും പ്രകാശമാനവും ആയ പരിവർത്തനവും ചൈതന്യവും ഉണ്ടാവുകയും ആന്തരീയമായ എല്ലാബലഹീനതകളും പാപത്തിൽ നിന്നുണ്ടാകുന്ന ദുർഗ്ഗന്ധങ്ങളും നിർമ്മൂലനാശം ചെയ്യപ്പെടുകയും ചെയ്യുന്നു.

എന്നാൽ അധികപേരും പാപവിമോചനത്തിന്നായി ഈ പരിപൂർണ്ണമായ പവിത്രതയെയും പരിശുദ്ധിയെയും പരിഗണിക്കാത്ത കാരണത്താൽ ദൈവാന്വേഷണത്തിന്നായി തുനിയുന്നില്ലെന്ന് മാത്രമല്ല, വിദ്വേഷവും വൈരാഗ്യവും വെച്ച് പുലർത്തിക്കൊണ്ട് ആക്രമണത്തിന്നൊരുമ്പെടുകയാണ് ചെയ്യുന്നത്.

ആര്യസമാജക്കാരെ സംബന്ധിച്ചേടത്തോളം പരിപൂർണ്ണമായ ദൈവജ്ഞാന സമ്പാദനത്തെ അപേക്ഷിച്ച് അവർ തികച്ചും നിരാശരായിത്തീർന്നിരിക്കുകയാണ്. മാത്രമല്ല, ഇവരുടെ പക്കൽ യുക്തി മാർഗ്ഗങ്ങളും അടയപ്പെട്ടിരിക്കുകയാണ്. കാരണം ഈ ലോകത്തുള്ള ഓരോ അണുവും അനാദിതൊട്ടേ സ്വയംഭൂവായിട്ടുണ്ടെന്നും അത് ആരാലും നിർമ്മിതമായതല്ലെന്നും അതേപ്രകാരം തന്നെ എല്ലാ ആത്മാക്കളും അവയുടെ ശക്തികളും ആദ്യംതൊട്ടേ (അനാദിമുതല്ക്കേ) ഉണ്ടെന്നും അവയും ആരാലും സൃഷ്ടിക്കപ്പെട്ടവയല്ലെന്നും സ്വയം സൃഷ്ടികളാണെന്നും ഇവർ വിശ്വസിക്കുന്നു.

ഇങ്ങിനെയിരിക്കെ പരമേശ്വരന്റെ സത്തയെയും അസ്തിത്വത്തെയും സ്ഥാപിക്കുന്നതിന്ന് ഇവരുടെ പക്കൽ എന്ത് തെളിവും ദൃഷ്ടാന്തവും ആണുള്ളത്? ധാതുക്കളെയും ആത്മാക്കളെയും കൂട്ടിയോജിപ്പിക്കുന്നത് മാത്രമാണ് പരമേശ്വരന്റെ ജോലി എന്നുപറയുന്നതുകൊണ്ടുമാത്രം അവന്റെ അസ്തിത്വത്തെ തെളിയിക്കുവാൻ സാദ്ധ്യമാകുന്നതല്ല. കാരണം, ധാതുക്കളും ആത്മാക്കളും അനാദിയും സ്വയം സൃഷ്ടികളുമാണെങ്കിൽ അവയ്ക്കു സ്വയമായിത്തന്നെ സംയോജിക്കുവാനും വിയോജിക്കുവാനും ഉള്ള ശക്തിയും ഉണ്ടാകാമല്ലോ. അതായത്ത് എല്ലാപരമാണുക്കളും ധാതുക്കളും അതേ പ്രകാരം തന്നെ ആത്മാക്കളും തങ്ങളുടെ സൃഷ്ടിക്കും നിലനില്പിന്നും മറ്റൊരു ശക്തിയുടെയും ആശ്രയവും സഹായവും ആവശ്യപ്പെടുന്നില്ലെങ്കിൽ പിന്നെ അവയുടെ സംയോജനത്തിന്നും വിയോജനത്തിന്നും മറ്റൊരു ശ

ക്തിയുടെ ആശ്രയം ആവശ്യപ്പെടുന്നുവെന്നത് സ്വീകാര്യമാകുന്ന ഒന്നല്ല. ഇത്തരം ഒരു വിശ്വാസത്തെ വെച്ചു പുലർത്തുന്നആരംക്കു എളുപ്പത്തിൽ ഒരു നാസ്തികനായിത്തീരുവാൻ സാധിക്കുന്നതാണ്.

നമ്മുടെ ആര്യ മതവിശ്വാസികരംക്കു ശരീഅത്തിൻെറ (മതനിയമത്തിൻെറ) ഈ രണ്ടു വശങ്ങളിലും തെററുപററിപ്പോയിരിക്കുന്നതിൽ എനിക്കു വളരെയധികം പരിതാപവും അനുകമ്പയും തോന്നുന്നു.

അതായത് പരമേശ്വരൻ സർവ്വസൃഷ്ടികളുടെയും സ്രഷ്ടാവും നിയന്താവും ആണെന്നും എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമാണെന്നും അവർ വിശ്വസിക്കുന്നില്ല. മറിച്ച് പരമാണുക്കളും എല്ലാധാതുക്കളും അവയുടെ കഴിവുകളും ശക്തികളും അതേപ്രകാരം ആത്മാക്കളും അവയുടെ കഴിവുകളും സ്വയം സൃഷ്ടികളാണെന്നും അവയുടെ ഉല്പത്തിക്കും ഉൽഭവത്തിന്നും പരമേശ്വരൻെറ ആവശ്യമേ ഇല്ലെന്നും ആണ് അവർ വിശ്വസിക്കുന്നതു്. അങ്ങിനെയാണെങ്കിൽ ഒരു പരമേശ്വരൻെറ ആവശ്യംതന്നെയെന്താണ്. അവനെ അവൻ സർവ്വശക്തിമാനാണെന്നു വിശ്വസിച്ചുകൊണ്ടു് ആരാധിക്കേണ്ട കാര്യമെന്താണ്? ഈവിധത്തിൽ അവനെഎങ്ങിനെയാണ് തിരിച്ചറിയുവാനും കണ്ടെത്താനും സാധിക്കുക? ആർക്കെങ്കിലും ഇതിന്നു ഉത്തരം നല്കുവാൻ സാധിക്കുമോ? ഞങ്ങരംക്കവരോടുള്ള അനുകമ്പ ഏതെങ്കിലും ഹൃദയത്തിൽ പ്രതിഫലിക്കുമെങ്കിൽ എത്ര നന്നായേനെ! ആരെങ്കിലും ഏകാന്തമായിരുന്നു അല്പമൊന്ന് ചിന്തിച്ചിരുന്നുവെങ്കിൽ!!

ദൈവമേ! ഞങ്ങളുമായി പഴയ കാലം മുതലേ അടുത്തബന്ധമുള്ള ഈ അയൽ സമുദായത്തോട് നീ കരുണ കാണിക്കേണമേ! ഇവരുടെ ഹൃദയകവാടങ്ങളെ സത്യത്തെ സ്വീകരിക്കാൻ തുറന്നു കൊടുക്കേണമേ! നിനക്ക് എല്ലാവിധത്തിലുമുള്ള ശക്തിയും ഉണ്ടല്ലോ—ഞങ്ങളുടെ ഈ പ്രാർത്ഥനയെ നീ സ്വീകരിക്കേണമേ!

ഇതുവരെ ഞാൻ ഇവരുടെ പരമേശ്വരനിലുള്ള വിശ്വാസത്തെക്കുറിച്ചാണ് സ്പർശിച്ചിട്ടുള്ളത്. ഇനി ആര്യമതത്തിൻെറ ഇതര സൃഷ്ടികളോടുള്ള സമീപനത്തെക്കുറിച്ച് അല്പമൊന്ന് ചിന്തിക്കാം.

ഇവയിൽ ഒന്ന് ഇവരുടെ പുനർജ്ജന്മ സിദ്ധാന്ത വാദമാണ്. അതായത് മനുഷ്യൻെറ ആത്മാവ് വിവിധ രൂപങ്ങളിൽ പരിണമിച്ച് ലോകത്ത് ആവിർഭവിച്ച് കൊണ്ടിരിക്കുന്നു എന്ന വാദം പ്രസ്തുത പുനർജ്ജന്മ സിദ്ധാന്തം കാരണമായി പരമേശ്വരൻ ഒരു കഠിന ഹൃദയമുള്ളവനാണെന്നു അനുമാനിക്കേണ്ടിവരും. അതായത് ഒരു പാപകർമ്മത്തിന്നു പകരമായി പല കോടി വർഷങ്ങൾവരെ ജന്മങ്ങളെടുത്ത് അവൻെറ ആത്മാവിന്നു ശിക്ഷ ലഭിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ആ ആത്മാവ് ദൈവത്താൽ സൃഷ്ടിക്കപ്പെടാത്ത കാരണത്താൽ അവന്നു ഒരധികാരവും ഉണ്ടാകാൻ പാടില്ലാത്തതാണല്ലോ. അഥവാ ഒരു മനുഷ്യൻ ചെയ്ത പാപത്തിന്നു അവന്നു ശിക്ഷനല്കേണമെന്നുണ്ടെങ്കിൽത്തന്നെ ഭൗതിക ഭരണകൂടം ചെയ്യുന്നത്പോലെ ചില വർഷങ്ങൾ മാത്രം അവന്നു ശിക്ഷനൽകി അവനെ സ്വതന്ത്രനാക്കാമായിരുന്നു. ശിക്ഷിക്കപ്പെടുന്നവരുടെമേൽ ശിക്ഷകന്ന് ദീർഘകാല അധികാരവും അവകാശവും ഉണ്ടായിരിക്കേണമെന്നതു ദീർഘകാല ശിക്ഷ നൽകുന്നതിനുള്ള ഉപാധിയായിരിക്കുന്നതാണ്. എന്നാൽ എല്ലാ പരമാണുക്ക

ളം ആത്മാക്കളും സ്വയം സൃഷ്ടികളാണെന്നിരിക്കെ പിന്നെ പാപത്തിന്നുള്ള പ്രതികാരമായി വിവിധ ജന്മങ്ങൾ നല്കി സുദീർഘമായി ശിക്ഷിച്ചു കൊണ്ടിരിക്കാൻ അവന്നെന്ത് അധികാരമാണുള്ളത്.

നോക്കുക! ഇസ്ലാമികാദ്ധ്യാപനങ്ങളിൽ എല്ലാധാതുക്കളും ആത്മാക്കളും താൻ സൃഷ്ടിച്ചവയാണെന്നും അവയുടെ എല്ലാ ശക്തികളും തന്റെ അനുഗ്രഹത്താൽ സംജാതമായവയാണെന്നും സർവ്വചരാചരങ്ങളും തന്റെ സഹായത്തിലാണ് വർത്തിക്കുന്നതെന്നും അരുളംചെയ്യുന്ന ദൈവം വിശുദ്ധഖുർആനിൽ ഇപ്രകാരം പറയുന്നു.

الا ما شاء ربك ان ربك فعال لما يريد

അതായത് (നരകവാസികൾ നരകത്തിൽ സുദീർഘകാലം തങ്ങുന്നവരായിരിക്കും) നിന്റെ നാഥനായ ദൈവം നിശ്ചയിക്കുന്നത് വരെ—തീച്ചയായും നിന്റെ റബ്ബ് ഇച്ഛിക്കുന്നതെന്തും പ്രവർത്തിക്കുന്നവനത്രെ. (11: 108) അതായത് ദൈവിക കാരുണ്യം അവർക്ക ലഭിക്കുന്നതായിരിക്കും. കാരണം അവൻ സർവ്വശക്തനും തന്റെ ഇച്ഛക്കനുസരിച്ച് പ്രവർത്തിക്കുന്നവനും ആണ്.

വിശുദ്ധഖുർആന്റെ പ്രസ്തുത അദ്ധ്യാപനത്തിന്റെ വിശദീകരണമെന്നോണം ഹസ്രത്ത് നബികരീം (സ)ഇപ്രകാരം അരുളം ചെയ്യുന്നു.

يأتى على جهنم زمان ليس فيها احد و نسيم الصبا تحرك ابوابها

നരകത്തിൽ ഒരു കാലംവരും. അപ്പോാം അതിൽ ആരും ഉണ്ടായിരിക്കുകയില്ല. പ്രഭാതത്തിലെ മന്ദമാരുതൻ അതിൻെറ വാതിലുകളെ ചലിപ്പിച്ചു് കൊണ്ടിരിക്കുന്നതായിരിക്കും.

എന്നാൽ വളരെ പരിതാപകരമെന്നു പറയട്ടെ ആര്യസമുദായം പോലുള്ള സമുദായങ്ങാം ചിത്രീകരിക്കുന്ന ദൈവം, ഒരിക്കലും കോപവും ദ്വേഷ്യവും അടങ്ങാത്ത കോടിക്കണക്കിലുള്ള ജന്മങ്ങാം എടുത്താലും ആത്മാക്കാംക്ക പാപമുക്ൗതി കൊടുക്കാത്ത ഭയങ്കരനും ക്രൂരനും ആണ്. (നഊദുബില്ലാഹ്)

ഈ ആക്ഷേപം ആര്യസമാജക്കാരെപ്പററി മാത്രമല്ല കൃസ്ത്യാനികളെക്കുറിച്ചും ഞങ്ങാംക്കുണ്ടു്. ഒരു പാപം ചെയ്താലുള്ള ശിക്ഷ നിരന്തരമായ പാപം ആയിരിക്കും എന്നു അവരും പറയുന്നു. അതോടൊപ്പം ദൈവമാണ് എല്ലാററിൻെറയും, മനുഷ്യാത്മാക്കളുടെയും അവയുടെ ശക്ൗതികളുടെയും സ്രഷ്ടാവും എന്നും അവർ വിശ്വസിക്കുന്നു. എന്നുമാത്രമല്ല ജന്മനാ ഓരോ മനുഷ്യനും പാപിയായിപ്പിറക്കുകയും ആ പാപത്തിന്നനുസരിച്ച നിരന്തരമായ ശിക്ഷ അനുഭവിക്കുകയും ചെയ്യുന്നു എന്നു ഇവർ വിശ്വസിക്കുന്നു. ഇവരുടെ പാപം പ്രകൃത്യാ—ജന്മനാ ഉള്ളതിനാൽ ഇവരുടെ പാപപരിഹാരത്തിന്നായി ദൈവം തൻെറ പുത്രനെ അയച്ചു. ആ പുത്രൻ മൂന്നു ദിവസം പാപികളുടെ പാപഭാരം തൻെറ തലയിൽ ഏന്തി മൂന്ന് ദിവസം നരകയാതനയനുഭവിക്കുകയുണ്ടായി എന്നും ഇവർ വിശ്വസിക്കുന്നു. ഇതെന്തൊരു ന്യായമാണ്? തൻെറ പുത്രന്നു് പാപപരി

ഹാരത്തിന്നായി മൂന്നു ദിവസത്തെ മാത്രം ശിക്ഷ നൽകുകയും എന്നാൽ ഇതര മനുഷ്യർ പാപം ചെയ്താൽ നിരന്തരമായ നരകശിക്ഷക്കു പാത്രമാക്കുകയും ചെയ്യുക. ഇതാണോ നീതി? കരുണാനിധിയും നീതിമാനുമായ ദൈവത്തിന്നു ചേർന്നതാണോ ഇത്? മറിച്ച് ദൈവീകശക്തികളുള്ള തന്റെ മകന്നല്ലേ അധികം ശിക്ഷ നൽകേണ്ടത്? ദൈവപുത്രനുള്ള ശക്തിയും ബലഹീനനും സാധുവും പാവവും ആയ മനുഷ്യന്നുള്ള ശക്തിയും എങ്ങിനെയാണ് ഒരു പോലെ ആവുക.

പുരുക്കത്തിൽ ക്രൈസ്തവ സഹോദരൻമാരും ആര്യമത വിശ്വാസികളായ സഹോദരൻമാരും ഈ വിശ്വാസത്തിൽ ഞങ്ങളുടെ ആക്ഷേപത്തിന്ന് പാത്രവാന്മാരാണ്. തദ്വിഷയത്തിൽ അല്പജ്ഞരായ ചില മുസ്ലിംകളും ഇവരോടൊപ്പം ചേർന്നിരിക്കുകയാണ്. എന്നാൽ മുസ്ലിംകളുടെ ഈ തെററായ വിശ്വാസത്തിൽ വിശുദ്ധ ഖുർആൻ ഒരിക്കലും നിദാനമാകുന്നില്ല. ഇതു അവരുടെ മാത്രം തെററാണെന്ന് ദൈവം വളരെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

അതേപ്രകാരംതന്നെ വിശുദ്ധഖുർആന്റെ വ്യക്തമായ അദ്ധ്യാപനങ്ങൾക്കെതിരായി ഹസ്രത്തു ഈസാനബി (അ) മരിക്കാതെ ഇന്നും സ്ഥൂല ശരീരത്തോടുകൂടി രണ്ടാം ആകാശത്തിൽ വസിച്ചു വരികയാണെന്നും മുസ്ലിംകൾ വിശ്വസിക്കുന്നു. എന്നാൽ ഹസ്രത്ത് ഈസാനബി (അ) മരിച്ചുപോയിരിക്കുന്നുവെന്നും മരണപ്പെട്ടു പോയ പരേതാത്മാക്കളോടു അദ്ദേഹവും ചേർന്നിരിക്കുന്നുവെന്നും ആ പുണ്യഗ്രന്ഥം വ്യക്തമാക്കുന്നു. പക്ഷെ ഇക്കൂട്ടർ പ്രസ്തുത അദ്ധ്യാപന

ത്തിന്നെതിരായി അദ്ദേഹത്തിൻെറ പുനരാഗമനത്തെ പ്രതീക്ഷിച്ച് കാത്തിരിക്കുകയാണ്

വീണ്ടും ഞാൻ വിഷയത്തിലേക്ക് പ്രവേശിക്കുകയാണ്. പുനർജൻമവിശ്വാസം ശരിയല്ല എന്നുള്ളതിൻെറ രണ്ടാമത്തെ കാരണം, അത് യഥാർത്ഥത്തിലുള്ള പരിശുദ്ധതക്കും പാവനമായ സംസ്കാരത്തിന്നുംഎതിരാണെന്നുള്ളതാണ്. അതായത് ഒരാളുടെ മാതാവോ സഹോദരിയോ മകളോ മരിക്കുന്നുവെന്നു വെക്കുക. ഇവരിൽ ആരെങ്കിലും പുനർജൻമമെടുത്ത് അതേ ആളുടെ ഭാര്യയായി വരാമെല്ലോ. ഇത്തരത്തിലുള്ള ബന്ധം വേദാദ്ധ്യാപനങ്ങളനുസരിച്ചും നിഷിദ്ധമാണല്ലോ. ജനിക്കുന്ന ഓരോ ശിശുവും തൻെറ മുൻജൻമങ്ങളിൽ താൻ ആരുടെയെല്ലാം മകനായി ജൻമമെടുത്തിരിക്കുന്നു എന്ന ഒരു പട്ടിക കൊണ്ടുവരുന്നുവെങ്കിൽ നിഷിദ്ധമാക്കപ്പെട്ട വിവാഹബന്ധങ്ങളിൽനിന്നും രക്ഷപ്പെടാമായിരുന്നു. എന്നാൽ പരമേശ്വരൻ അങ്ങിനെ ചെയ്തില്ല. അതുകൊണ്ട് ലോകത്ത് ദുർമാർഗ്ഗം പരത്തുന്നതിനുള്ള ഉത്തരവാദിത്വം ഇവർ ദൈവത്തിൽ ചാർത്തുകയാണു ചെയ്യുന്നത്.

ഒരേ ആത്മാവ് ഇങ്ങിനെ അടിക്കടി ജൻമങ്ങൾ എടുത്തുവരേണ്ടുന്ന ആവശ്യംതന്നെയെന്താണെന്ന് ഞങ്ങൾക്കു മനസ്സിലാക്കാൻതന്നെ പ്രയാസമുണ്ട്. മുക്തി അല്ലെങ്കിൽ മോക്ഷം എന്നത് ഓരോ മനുഷ്യന്നും അവൻെറ അറിവിൻെറ—ജ്ഞാനത്തിൻെറ അടിസ്ഥാനത്തിലാണല്ലോ ലഭിക്കുന്നത്. എന്നാൽ പുനർജൻമം കൊണ്ടുള്ള ഉദ്ദേശം മോ

ക്ഷവും മുക്തിയും ആണെങ്കിൽ ഒരാത്മാവ് കഴിഞ്ഞ ജൻമത്തിൽ താൻ ചെയ്ത പാപത്തെക്കുറിച്ചും അതിന്നു ലഭിച്ച ശിക്ഷയെക്കുറിച്ചും അറിഞ്ഞാൽ മാത്രമല്ലേ അതിൽനിന്നും രക്ഷപ്പെടുവാൻ സാധിക്കുകയുള്ളു. എന്നാൽ അങ്ങിനെയല്ല നടക്കുന്നത്. മുൻജൻമത്തിൽ കിട്ടിയ ജ്ഞാനത്തെ പുനർജൻമത്തിൽ അവൻ കൊണ്ടുവരുന്നില്ല. ഇതിൽനിന്നും പല ജൻമങ്ങൾ എടുക്കുന്നത്കൊണ്ട് ഒരുവിധത്തിലുള്ള മുക്തിയും മോചനവും ലഭിക്കുന്നില്ലെന്നു മനസ്സിലാവുന്നു. മുൻജൻമത്തിൽ ആയിരം പ്രാവശ്യം അവൻ വേദപാരായണം ചെയ്തിരുന്നവനായാലും അടുത്ത ജൻമത്തിൽ അതിലുള്ള ഒരു പേജ്കൂടി അവന്നു് ഓർമ്മയുണ്ടാകുന്നില്ല.

ചുരുക്കത്തിൽ വിവിധ ജൻമങ്ങൾ എടുക്കുന്നത്കൊണ്ട് മോക്ഷപ്രാപ്തിക്കുള്ള ഒരു രൂപവും നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. പല കഷ്ടങ്ങളും ദുരിതങ്ങളും അനുഭവിച്ചതിന്നു ശേഷവും ഒരാത്മാവ് മുക്തിയടഞ്ഞാലും ആ മുക്തി നിരന്തരമായി നിലനിൽക്കുന്നില്ല. വീണ്ടും ജൻമങ്ങളുടെ ചക്രത്തിൽ പെട്ടു വലയേണ്ടിവരുന്നു.

ആര്യസഹോദരൻമാരുടെ മറ്റൊരു വിശ്വാസം പരിശുദ്ധജീവിതത്തെതന്നെ താറുമാറാക്കുന്ന 'നിയോഗ്' എന്ന പ്രശ്നമാണ്. ഇതിനെ ഞാൻ പരിശുദ്ധ വേദവും ആയി ബന്ധപ്പെടുത്താൻ ഒരിക്ക

ല്യം തയ്യാറല്ല. ഇത്തരം ഒരു വിശ്വാസം മനുഷ്യന്റെ പ്രകൃതിക്കുതന്നെ അസ്വീകാര്യമായ ഒന്നാണെന്നാണ് എന്റെ അറിവും മനസാക്ഷിയും പറയുന്നത്. അത്കൊണ്ട് ഇത് ഒരിക്കലും ഒരു ദൈവീകവിശ്വാസമായിരിക്കാൻ സാദ്ധ്യമേ അല്ല. അതായത് ചാരിത്ര്യവതിയും പരിശുദ്ധയും കുടുംബിനിയും ആയ ഒരു ഭാര്യ സന്താനലബ്ധിക്കുവേണ്ടി അന്യരുമായി ശയിക്കാം എന്നും, എന്നാലും ഇവരുടെ ഭര്യാഭർത്തൃബന്ധത്തിനും ഒരു വിഘ്നവും വരുന്നതല്ല എന്നും ഉള്ളതാണീ മതം. ഇത്തരം അനാശാസ്യവും ലജ്ജാകരവും ആയ ഒരു കാര്യത്തിന്ന് ഭർത്തൃമതിയായ ഒരു ഭാര്യ ഒരിക്കലും തയ്യാറാകുകയില്ല. മനുഷ്യർ പോയിട്ട് ചില മൃഗങ്ങൾകൂടി തങ്ങളുടെ ഇണയെ മററുമൃഗങ്ങൾ ചേരുന്നതിനെ സഹിക്കുന്നില്ല. ഞാൻ തദ്വിഷയകമായി നീണ്ട വിവാദത്തിന്നൊരുങ്ങാൻ ആഗ്രഹിക്കുന്നില്ല.

ഞാൻ വളരെ സ്നേഹത്തോടും വിനയത്തോടും കൂടി ആര്യമതസഹോദരൻമാരോട് ഈ വിശ്വാസത്തെ കൈവിടേണമെന്നപേക്ഷിക്കുകയാണ്.

ഈ നാട്ടിലുള്ള ജനങ്ങൾ യഥാർത്ഥമായ പരിശുദ്ധതയിൽനിന്നും വളരെ അധഃപതിച്ച നിലയിൽ എത്തിയിരിക്കുകയാണ്. ഈ സ്ഥിതിയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഇടയിൽ ഇത്തരത്തിലുള്ള ഏർപ്പാടുകൾ പ്രചരിക്കുകയാണെങ്കിൽ നമ്മുടെ നാട്ടിന്റെ സ്ഥിതി എന്തായിരിക്കുമെന്ന അല്പം ചിന്തിച്ചു നോക്കുക.

ഇതോടൊപ്പം ഞാൻ മറെറാരുകാര്യം കൂടി നിങ്ങ
ളോടപേക്ഷിക്കുവാൻ ധൈര്യപ്പെടുകയാണ്. ഈ കാ
ലത്തു ആര്യസഹോദരന്മാർക്ക് മുസ്ലിംകളോടു എന്തുതന്നെ
വെറുപ്പും വിദ്വേഷവും ഉണ്ടെങ്കിലും ഇസ്ലാമിക വിശ്വാ
സാദർശങ്ങളോട് പൊരുത്തക്കേട് ഉണ്ടെങ്കിലും ദൈവ
ത്തെ ഓർത്തു നിങ്ങൾ (മുസ്ലിംകൾ) ഇസ്ലാം നി
ർദ്ദേശിക്കുന്ന പർദ്ദാ സമ്പ്രദായത്തെ ഉപേക്ഷിച്ചു കളയ
രുത്. കാരണം അങ്ങിനെ ചെയ്യുകയാണെങ്കിൽ പല
ദൂഷിച്ച പ്രവണതകളും തിന്മകളും ഉടലെടുക്കുന്നതാ
യിരിക്കും.

ഭൂരിപക്ഷജനങ്ങളും 'നഫ്സെ അമ്മാറ'യുടെ (തി
ന്മയിലേക്കു കൽപിക്കുന്ന അഭിവാഞ്ഛയുടെ) അധീനത
യിൽ ചരിക്കുന്നവരാണെന്ന യാഥാർത്ഥ്യം ചിന്താശക്
തിയുള്ളവർക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.
മനുഷ്യൻ വികാരാധീനനാകുമ്പോൾ അവൻെറ ഹൃദയത്തി
ൽ ദൈവശിക്ഷയെകുറിച്ചുള്ള ഭീതി അങ്കുരിക്കുന്നില്ല.
സുന്ദരികളായ യുവതികളെ കാണുമ്പോൾ അവൻ ദുർ
നോട്ടമാടുന്നതിൽനിന്നും പിന്തിരിയുന്നില്ല. അപ്രകാ
രംതന്നെ ചില സ്ത്രീകൾ സുന്ദരന്മാരായ യുവാക്കളെ കാ
ണുമ്പോൾ അങ്ങോട്ടും ദുർനോട്ടമാടുന്നു. ഈ സാഹചര്യ
ത്തിൽ സ്ത്രീകളും പുരുഷന്മാരും ഒരു തടസ്സവുമില്ലാതെ
പരസ്പരം അടുത്തുപെരുമാറുവാൻ അനുവദിക്കപ്പെടുക
യാണെങ്കിൽ ചില യൂറോപ്യൻ രാജ്യങ്ങളിൽ കാണുന്ന
ത്പോലുള്ള പര്യവസാനമായിരിക്കും വന്നു ഭവിക്കുക.
ജനങ്ങൾ യഥാർത്ഥത്തിൽ പരിശുദ്ധ ഹൃദയമുള്ളവ
രും ഐഹികമായ ആശാഭിലാഷങ്ങളിൽനിന്നും
വിരമിച്ചവരും പൈശാചികമായ വിചാരവികാരങ്ങ

ംക്കടിമപ്പെടാത്തവരും ദൈവഭക്തി നിറഞ്ഞദൃഷ്ടി
യുള്ളവരും ഹൃദയങ്ങളിൽ ദൈവമാഹാത്മ്യം കുടിയി
രുത്തുന്നവരും അങ്ങിനെ തങ്ങളിൽ പരിശുദ്ധമായ
ഒരു പരിവർത്തനം വരുത്തിയവരും ദൈവഭക്തി എന്ന
വസ്ത്രം ധരിച്ചവരുമായിരിക്കണം. അങ്ങിനെയുള്ളവർ
ദൈവത്തിൻെറ തിരുകരങ്ങളിൽ സുരക്ഷിതരായിരി
ക്കും. അന്യസ്ത്രീകളെ ദർശിക്കുന്നതിൽ നിന്നും അവ
രുടെ ദൃഷ്ടികൾ വിമുക്തമായിരിക്കും. അവരുടെ
ഹൃദയങ്ങളിൽ ദുഷിച്ച പ്രവണതകൾക്ക സ്ഥാനമേ
ഉണ്ടായിരിക്കുകയില്ല.

എന്നാൽ പ്രിയപ്പെട്ട സഹോദരന്മാരെ! അത്തര
ത്തിലുള്ള ഒരു സമയവും സാഹചര്യവും ഇവിടെ സം
ജാതമായിട്ടില്ല.

ഏററവും ദുഷിച്ച ഒരു കാലഘട്ടത്തിലാണ് നാം
ഇന്ന് ജീവിച്ചുവരുന്നത്. ഏതെങ്കിലും ഒരു കാലത്ത്
പർദ്ദാ സമ്പ്രദായം ഉണ്ടായിരുന്നില്ലെങ്കിൽകൂടി ഈ കാല
ത്ത് ഇത് വളരെയധികം ആവശ്യമാണ്. കാരണം
ഈ കാലം കലിയുഗം എന്നറിയപ്പെടുന്ന ദുർഘടകാല
ഘട്ടമാണ്. ഭൂമിയിൽ ദുർമ്മാർഗ്ഗവും അക്രമവും അനീ
തിയും നിറഞ്ഞിരിക്കുകയാണ്. മദ്യപാനവും അത്
പോലുള്ള ദുഷ്കർമ്മങ്ങളും നടമാടിക്കൊണ്ടിരിക്കുന്നു.
ഹൃദയങ്ങളിൽ നാസ്തിക ചിന്താഗതികൾ പരന്നു കൊ
ണ്ടിരിക്കുന്നു. ദൈവത്തിൻെറ കല്പനകൾ ഇന്ന് ഹൃദയ
ങ്ങളിൽ നിന്നും തേഞ്ഞുമാഞ്ഞുപോയികൊണ്ടിരിക്കുക
യാണ്. എല്ലാംതന്നെ നാമമാത്രമായിത്തീന്നിരിക്കുന്നു.
പ്രത്യാശാസ്ത്രവും തക്കശാസ്ത്രവും അടങ്ങിയ വമ്പിച്ച
സംഗതികൾ നടക്കുന്നുണ്ടെങ്കിലും ഹൃദയത്തിൽ ആത്മീയത

ഷ്ഠും ധാർമ്മികതക്കും ഒരു സ്ഥാനവും ഇല്ല. ഇത്തരം അന്തരീക്ഷത്തിൽ നമ്മുടെ സാധുക്കളായ കുഞ്ഞാടുകളെ ചെന്നായ്ക്കൾ നിറഞ്ഞ വനാന്തരങ്ങളിലേക്ക് കടന്നുപോരുവാൻ അനുവദിക്കുന്നത് എത്രമാത്രം ബുദ്ധിശൂന്യതയും അനൗചിത്യകരവും ആണ്!

പ്രിയ സഹോദരന്മാരെ പ്ലേഗ്മഹാരോഗം ഇപ്പോഴും നമ്മുടെ തലക്കുമീതെ തൂങ്ങി നിൽക്കുകയാണ്. അതിന്റെ വലിയൊരു ഭാഗം ഇന്നും അവശേഷിക്കുന്നുവെന്നും ഭയാനകമായ നാളുകൾ വരാനിരിക്കുന്നുവെന്നും ദൈവം എന്നെ അറിയിച്ചിരിക്കുന്നു. അടുത്ത മേയ് മാസംവരെ എത്രപേർ ജീവനോടെ ഇരിക്കും, ആരെല്ലാം മരണപ്പെട്ടുപോകും, ഏതെല്ലാം ഭവനങ്ങളിൽ അപായം സംഭവിക്കും. ആരെല്ലാം രക്ഷപ്പെടും എന്ന് ആർക്കറിയാം. അതുകൊണ്ട് നിങ്ങൾ ഉണരുവിൻ. പ്രായശ്ചിത്തം ചെയ്തുകൊള്ളുവിൻ. നമ്മുടെ നാഥനായ ദൈവത്തെ സൽകർമ്മങ്ങൾമൂലം പ്രീതിപ്പെടുത്തുക. തെറ്റായവിശ്വാസങ്ങൾക്കുള്ള ശിക്ഷ മരണാനന്തരമാണ് ലഭിക്കുകയെങ്കിലും അക്രമവും അന്യായവും ദുഷ്കർമ്മങ്ങളും ചെയ്യുന്നവർക്ക് ഇവിടെവെച്ചും ശിക്ഷ ലഭിക്കുന്നതായിരിക്കും. അപ്പോൾ ദൈവശിക്ഷയിൽ നിന്നും അവർക്ക് ഓടിപ്പോകാൻ സാധിക്കുകയില്ല.

അതുകൊണ്ട് ഭയാനകമായ ആ നാളുകൾ വരുന്നതിന്നുമുമ്പെ നിങ്ങൾ ദൈവത്തെ സന്തുഷ്ടനാക്കുക. അതായത് പ്രവാചകന്മാരാൽ മുന്നറിയിക്കപ്പെട്ട പ്ലേഗ് മഹാരോഗം എന്ന ഭയങ്കരശിക്ഷ വരുന്നതിനുമുമ്പെ നിങ്ങൾ സ്വയം ഒരാത്മീയ പരിവർത്തനം വരുത്തുക. ദൈവവുമായി ഒരു സന്ധിയിൽ ഏർപ്പെടുക. അവൻ

മഹാ കാരുണ്യവാനും ദയാലുവും ആണ്. ഒരേ ഒരു നിമിഷത്തിൽ യഥാർത്ഥമായി ചെയ്യപ്പെടുന്ന പ്രായശ്ചിത്തം കൊണ്ട് എഴുപത് വർഷത്തെ പാപത്തെ പൊറുത്തരുളുന്നവനാണവൻ. തൗബ അഥവാ യഥാർത്ഥമായ പ്രായശ്ചിത്തം ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല എന്നു നിങ്ങൾ കരുതരുത്. നിങ്ങൾ നിങ്ങളുടെ കർമ്മങ്ങളിൽ മാത്രം രക്ഷിക്കപ്പെടുന്നതല്ല. അതിനും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും ആവശ്യമാണ്.

കരുണാവാരിധിയായ ദൈവമേ! ഞങ്ങളിൽ നിന്റെ അനുഗ്രഹവർഷം വർഷിക്കേണമേ! ഞങ്ങൾ നിന്റെ ദാസന്മാരാണ്. ഞങ്ങളിതാ നിന്റെ തിരുസന്നിധിയിൽ പ്രണമിക്കുന്നു. ആമീൻ.